Kandanad
Diocesan BULLETIN
A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 6 No. 10, 15 October 2018

എഡിറ്റോറിയൽ

# ദീർഘകാല സ്വപ്നം കാണേണ്ട!

**ക**ഴിഞ്ഞ ഏതാനും ദിവസങ്ങളിലായി ഇൻഡ്യയുടെ പരമോന്നത കോടതിയിൽ നിന്ന് ചില സുപ്രധാനവും വിപ്ലവകരവുമായ വിധികൾ ഉണ്ടായി. ക്രിമിനൽ ചരിത്രമുള്ളവരുടെ സ്ഥാനാർത്ഥിത്വം, വിവാഹേതര ലൈംഗികത, ആധാർ കാർഡ്, സ്ത്രീകളുടെ ശബരിമല ക്ഷേത്രപ്രവേശനം എന്നിവ സംബന്ധിച്ച വിധികൾ ഇക്കൂട്ടത്തിൽപെടുന്നു. അവയെല്ലാം തന്നെ വിവാദപരവുമാണെന്ന കാര്യം എടുത്തുപറയേണ്ടതാണ്.

ഇവയിൽ ഏറ്റവും രാഷ്ട്രീയപ്രാധാന്യമുള്ളതാണ് ചീഫ് ജസ്റ്റിസ് ദീപക് മിശ്ര തലവനായ അഞ്ചംഗ ബഞ്ച് സെപ്റ്റംബർ 24ന് നൽകിയ സ്ഥാനാർത്ഥിത്വവുമായി ബന്ധപ്പെട്ട വിധി. ഇതേപ്പറ്റി വിമർശനാത്മകമായ മുഖപ്രസംഗങ്ങളും റിപ്പോർട്ടുകളും അഭിപ്രായങ്ങളും ഇൻഡ്യയിലെ പ്രധാനദിനപ്പത്രങ്ങളിലും, വാർത്താചാനലുകളിലും സോഷ്യൽ മീഡിയയിലുമൊക്കെ വന്നുകഴിഞ്ഞു. ഡെക്കാൻ ഹെറാൾഡ് അടുത്ത ഭാവിയിൽ തന്നെ ഈ വിധി സംബന്ധിച്ച ഒരു പുനർവിചിന്തനത്തിന് ബ. സുപ്രീം കോടതി തയ്യാറാകുമെന്ന പ്രതീക്ഷ സെപ്റ്റംബർ 30-ലെ അതിന്റെ എഡിറ്റോറിയൽ പ്രകടമാക്കിയിട്ടുണ്ട്. ഗുരുതരമായ ക്രിമിനൽ പശ്ചാത്തലമുള്ളവരെ തെരെഞ്ഞെടുപ്പുകളിൽ മത്സരിക്കാൻ അനുവദിക്കരുത് എന്ന് കാണിച്ച് പബ്ളിക് റിലേഷൻസ് ഫൗണ്ടേഷനും മറ്റു ചില എൻ.ജി.ഒ സംഘടനകളും സമർപ്പിച്ചിരുന്ന ഹർജികളിലാണ് ഈ വിധിയുണ്ടായത്. ഈ വിഷയം സംബന്ധിച്ച ഭരണഘടനാവകുപ്പുകളും നിലവിലുള്ള നിയമങ്ങളും പരിശോധിച്ച ശേഷമാണ് ആവശ്യം നിരസിച്ചുകൊണ്ടുള്ള വിധി പ്രഖ്യാപിച്ചിട്ടുള്ളത്. കുറ്റാരോപിതരായ സ്ഥാനാർത്ഥികളെ തിരഞ്ഞെടുപ്പിൽ നിന്ന് നിരോധിക്കാൻ പര്യാപ്തമായ നിയമങ്ങളുടെ അഭാവത്തിൽ അതിനായി കൂടുതൽ കർശനവും വ്യക്തവുമായവ നിർമ്മിക്കുവാൻ ഇൻഡ്യൻ പാർലമെന്റിനോട് കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു സ്വതന്ത്ര ജനാധിപത്യ ഭരണ വ്യവസ്ഥയിൽ ഭരണത്തിന്റെ എല്ലാ തലങ്ങളിൽ നിന്നും കുറ്റവാളികളെ അകറ്റിനിർത്തേണ്ടതിന്റെ ആവശ്യം പൂർണ്ണമായി ഗ്രഹിച്ചും ഉൾക്കൊണ്ടുമാണ് ജുഡീഷ്യറി ഈ വിഷയത്തിൽ തങ്ങളുടെ നിസ്സഹായത വെളിപ്പെടുത്തിയിട്ടുള്ളതത്രേ. ചീഫ് ജസ്റ്റിസ് പറയുന്നതിപ്രകാരമാണ്. രാഷ്ട്രീയ രംഗത്തെ ക്രിമിനലൈസേഷൻ ജനാധിപത്യത്തിന്റെ സംരക്ഷണ കോട്ടയെ ബാധിക്കുന്ന ചിതലാണ്. എന്നാൽ അതിനെ നിർമ്മാർജ്ജനം ചെയ്യത്തക്ക കർശനവും വ്യക്തവുമായ നിയമങ്ങൾ ഇന്നില്ല. അതിനാൽ അവ സത്വരമായി ഇൻഡ്യൻ പാർലമെന്റ് നിർമ്മിക്കേണ്ടതുണ്ട്.

ക്രിമിനൽ കേസുകളിൽ കുറ്റാരോപിതരായ പാർലമെന്റംഗങ്ങളുടെ സംഖ്യ അടിയ്ക്കടി കുതിച്ചുയരുകയാണ്. അത് ആരോപണവിധേയരല്ലാത്തവരുടെ എണ്ണത്തെ മറികടക്കുന്നതിന് മുമ്പെങ്കിലും ഈ നിയമനിർമ്മാണം നടക്കേണ്ടതാണ്. അപകടസന്ധി ആസന്നമാണെന്ന് കണക്കുകൾ പഠിച്ചാൽ അനുമാനിക്കാവുന്നത്. 2004-ൽ ലോക്സഭയിൽ കുറ്റാരോപിതരായ 124 അംഗങ്ങളായിരുന്നു ഉണ്ടായിരുന്നത്. 2009 ൽ അവരുടെ എണ്ണം 162 ആയി

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**ദീർഘകാല സ്വപ്നം കാണേണ്ട!** ............... 1

**വിയോജിക്കൽ: ഒരു ധാർമ്മീക-ആത്മീയ ശുശ്രൂഷ** ............... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ദൈവത്തിന്റെ മുഖം** ............... 5
ഫാ. എ.എം. ഉലഹന്നാൻ

**പുളിപ്പിനെയും അതിന്റെ വിതരണക്കാരെയും സൂക്ഷിക്കുക** .......... 8
ഡോ. തോമസ് മാർ അത്താനാസ്യോസ്

**സാക്ഷ്യം** ............... 11
ജോയി മേക്കോട്ടിൽ

**ദാനിയേൽ** ............... 12
ഫാ. ഏലിയാസ് കുറ്റിപറിച്ചേൽ

അനുസ്മരണം:
**ജോർജ് പോൾ** ............... 15
ഫാ. എബ്രഹാം കാരാമ്മേൽ

**വാർത്തകൾ-അറിയിപ്പുകൾ** ............... 16


ഉയർന്നു. 2014-ൽ അത് 182-ൽ എത്തിയിരിക്കുന്നു. ക്രിമിനലുകളുടെ മുന്നേറ്റം ഈ നിരക്കിലായാൽ പാർലമെന്റിൽ അവർ ഭൂരിപക്ഷമാകാൻ അധികകാലം കാത്തിരിക്കേണ്ടിവരില്ല. അങ്ങനെ സംഭവിച്ചാൽ ഇപ്രകാരമൊരു നിയമനിർമ്മാണം പ്രതീക്ഷിച്ചിട്ടുകാര്യമുണ്ടോ? കുറ്റാരോപിതർ അവർക്കെതിരായിത്തന്നെ നിയമം നിർമ്മിക്കുമോ?

തിരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികളെ അംഗീകരിച്ചുകഴിഞ്ഞാൽ അവരുടെ ക്രിമിനൽ പശ്ചാത്തലം വ്യക്തമാക്കുന്ന വിജ്ഞാപനം മൂന്നു തവണ പ്രമുഖ ദിനപ്പത്രങ്ങളിലും വെബ്സൈറ്റിലുമൊക്കെ പ്രസിദ്ധീകരിക്കണമെന്നും അങ്ങനെ ഭാവി പാർലമെന്റ്-അസംബ്ലി സാമാജികരുടെ ക്രിമിനൽ ചരിത്രം മനസ്സിലാക്കി യോഗ്യരായവരെ തെരഞ്ഞെടുക്കാൻ സമ്മതിദായകർക്ക് അവസരമൊരുക്കേണ്ടതാണ് എന്നും കോടതി ഇലക്ഷൻ കമ്മീഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ഉൾപ്പെടെ ഏതാനും നിർദ്ദേശങ്ങൾ മുമ്പേ തന്നെ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണെന്നും അവയിൽ ചിലത് നടപ്പാക്കപ്പെട്ടുകഴിഞ്ഞു എന്നും ഇലക്ഷൻ കമ്മീഷൻ അവകാശപ്പെടുന്നുമുണ്ട്.

കുറ്റാരോപിതരായ സ്ഥാനാർത്ഥികൾ അവർക്കെതിരെയുള്ള ആരോപണങ്ങൾ രാഷ്ട്രീയ പ്രേരിതവും എതിരാളികൾ തങ്ങൾക്കെതിരെ കെട്ടിച്ചമച്ച് ഫയൽ ചെയ്തിട്ടുള്ളവയുമാണെന്നാണ് സാധാരണവാദിക്കാറുള്ളത്. ഇതിൽ സത്യം കണ്ടെന്നുവരാം. ഇത് പ്രശ്നം സങ്കീർണ്ണമാക്കുന്നു. കേസുകൾ കോടതികളിൽ ഇഴഞ്ഞുനീങ്ങുന്ന സാഹചര്യത്തിൽ വിധിയാകുന്നതുവരെ തിരഞ്ഞെടുപ്പു നീട്ടാനും കഴിയില്ല. അതിനാൽ ജയിലിൽ കഴിഞ്ഞു കൊണ്ടുതന്നെ ഇലക്ഷനെ നേരിടുന്നവരുണ്ട്. അവരിൽ ചിലർ ജയിച്ച ചരിത്രവുമുണ്ട്. ജയിൽവാസം അവർക്കനുകൂലമായ അനുഭാവതരംഗം സൃഷ്ടിച്ചെന്നും വരാം.

അതത് പാർട്ടികൾ തങ്ങളുടെ സ്ഥാനാർത്ഥികളെ നിർണ്ണയിക്കുമ്പോൾ ക്രിമിനൽ പശ്ചാത്തലമുള്ളവരെ പൂർണ്ണമായി ഒഴിവാക്കുന്നതാണ് നിയമ നിർമ്മാണ സഭകളിൽ ക്രിമിനലുകൾ അംഗങ്ങളാകാതിരിക്കാൻ ഏറ്റവും ശരിയും എളുപ്പവുമായ മാർഗ്ഗം. എന്നാൽ ആ ധർമ്മം നിറവേറ്റുവാനുള്ള സത്യസന്ധതയൊ ആർജ്ജവമൊ ഇൻഡ്യയിൽ ഒരു പാർട്ടിക്കുമുണ്ടെന്ന തോന്നുന്നില്ല. രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർത്ഥി നിർണ്ണയം നടത്തുമ്പോൾ വിജയസാധ്യതയ്ക്കാണ് പ്രഥമ പരിഗണന നൽകുന്നത്. വിജയ സാധ്യത മിക്കപ്പോഴും സ്ഥാനാർത്ഥിയുടെ വ്യക്തിഗുണത്തിന്റെ അടിസ്ഥാനത്തിലല്ല. മതപിന്തുണ, സമ്പത്ത്, പേശീബലം, ഗുണ്ടാബലം, തന്ത്രമെനയൽ, പ്രലോഭന ചാതുരി, വാഗ്വിലാസം മുതലായവയെ ആശ്രയിച്ചിരിക്കും. അവിടെ ക്രിമിനലിസം

*(ശേഷം 14-ാം പേജിൽ)*

**മെത്രാപ്പോലീത്തായുടെ കത്ത്**

# വിയോജിക്കൽ: ഒരു ധാർമ്മീക-ആത്മീയ ശുശ്രൂഷ

രാഷ്ട്ര-മത-സഭാനേതാക്കൾ തങ്ങളുടെ ഔന്നിത്യവും, ആധിപത്യമനോഭാവവും തലക്കനവുമെല്ലാം പ്രകടമാക്കി വ്യത്യസ്തമായി ചിന്തിക്കുന്ന വ്യക്തികളെയും സമൂഹങ്ങളെയും ഭയപ്പെടുത്തി നിശബ്ദരാക്കുന്ന രീതി അടുത്തകാലത്ത് വർദ്ധിച്ചുവരുന്നതായി അനുഭവപ്പെടുന്നു. ഭരണഘടനാ വകുപ്പുകൾ അവഗണിച്ചും ജനാധിപത്യമൂല്യങ്ങൾ അനാദരിച്ചും സംവിധാനങ്ങൾ നിർവ്വീര്യമാക്കിയും ആലോചനാസമിതികൾ കയ്യടക്കിയും ജനാധിപത്യ-സാംസ്കാരിക-സാമൂഹിക പൈതൃകങ്ങൾ തള്ളിപ്പറഞ്ഞും പിണിയാളുകളുടെ പിൻബലത്തോടെ ആധിപത്യസ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുവാനുള്ള തീവ്രശ്രമത്തിലാണിവർ. നീതിയുടെ നിലനിൽപ്പ്, സത്യത്തിന്റെ സംരക്ഷണം, മനുഷ്യത്വത്തിന്റെ പുലർച്ച, തങ്ങൾ നേതൃത്വം നൽകുന്ന സമൂഹത്തിന്റെ നന്മ ഇവയൊന്നും ഇവർക്ക് വിഷയമല്ല. പറയുന്ന അസംബന്ധങ്ങൾക്കും ചെയ്യുന്ന അധർമ്മങ്ങൾക്കും അനീതികൾക്കുമൊന്നും അതിർത്തിയുമില്ല. ഇതരവീക്ഷണങ്ങൾ ശ്രദ്ധിക്കുവാനുള്ള സഹിഷ്ണുത, നൂതനാശയങ്ങൾ കേൾക്കുവാനുള്ള വിനയം, വിയോജിക്കുന്നവരോട് പ്രകടമാക്കേണ്ട സാമാന്യ മര്യാദ മുതലായവയൊന്നും ഇക്കൂട്ടരിൽ കാണാറില്ല. ഇത് ഗൗരവമായി പരിഗണിക്കേണ്ട ഒരു വിഷയമാണ്. രാഷ്ട്രീയ തലത്തിൽ ഇതു സംബന്ധിച്ച ചർച്ചകൾ സജീവമാകുന്നുണ്ട്. എന്നാൽ മത-സഭാരംഗങ്ങളിൽ ഇത് ആരും തന്നെ ജാഗ്രതാപൂർവ്വം ചർച്ചചെയ്ത് കാണുന്നില്ല.

രാഷ്ട്ര നേതാക്കൾ ജനസേവകരും സഭാദ്ധ്യക്ഷന്മാർ ദൈവത്തിന്റെയും സഭാംഗങ്ങളുടെയും ശുശ്രൂഷകരും ആണെന്നാണ് പാരമ്പര്യചിന്ത. ഈ ധാരണയ്ക്ക് ഇടിവ് സംഭവിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രനേതാക്കൾ ഭരണാധികാരികളും സഭാദ്ധ്യക്ഷന്മാർ അധിപന്മാരുമാകുന്ന സ്ഥിതിയാണിന്ന്. തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായി ഏതുതരം അധർമ്മവും അഴിമതിയും സമ്മർദ്ദവുമെല്ലാം അവർ നിസ്സങ്കോചം പ്രയോഗിക്കുന്നു. ഒപ്പം തന്നെ ഇതൊക്കെ മറയ്ക്കുവാനായി ദേശഭക്തിയുടെയും സഭാസ്നേഹത്തിന്റെയുമെല്ലാം മുഖാവരണം അണിഞ്ഞ് സാധാരണ ജനത്തിന്റെ കണ്ണിൽ പൊടിയിട്ട് അവരെ കബളിപ്പിക്കുന്നു. പിണയാളുകൾക്ക് സർവ്വ സ്വാതന്ത്ര്യവും അനുവദിക്കുന്നു. നിലവിലിരുന്ന രാഷ്ട്രീയ-മത സംസ്കാരങ്ങളും മാനദണ്ഡങ്ങളുമെല്ലാം അട്ടിമറിക്കുന്നു. അടിച്ചമർത്തൽ സാർവ്വത്രികം. വിയോജിപ്പിന്റെയും തിരുത്തലിന്റെയും ശബ്ദം നേർത്തില്ലാതാകുന്നു.

ഭീകരമായ ഒരു അന്തരീക്ഷം രൂപം കൊള്ളുന്നതുപോലെ തോന്നുന്നു. ഈ ആധിപത്യശ്രമത്തോടുള്ള സമൂഹത്തിന്റെ പ്രതികരണമാകട്ടെ തികച്ചും തണുത്തതാണ്. എവിടെയും ഭരണം കയ്യാളുന്നവരോടും അധികാരഘടനകളോടും മുഖ്യധാരകളോടുമെല്ലാം പൊരുത്തപ്പെടാനും അവയെ ഏതു സാഹചര്യത്തിലും പിന്തുണയ്ക്കുവാനുമുള്ള വ്യഗ്രത ഏറിവരികയാണ്, അധികാരികളും അണികളും ഈ അനുകൂല അന്തരീക്ഷം തിരിച്ചറിഞ്ഞ് അതിനെപൂർണ്ണമായും മുതലെടുക്കാനുള്ള ശ്രമത്തിലാണ്. അങ്ങനെ ധർമ്മവും നീതിയും പരമ്പരാഗത മൂല്യങ്ങളുമെല്ലാം നിർവ്വീര്യമാക്കുവാനും തൂത്തെറിയുവാനുമുള്ള സാധ്യത വർദ്ധിക്കുന്നു. അധികാരവർഗ്ഗത്തോട് ഒപ്പം നിന്ന് നേട്ടം കൊയ്യുവാൻ ആഗ്രഹിക്കുന്നത് സാമർത്ഥ്യമായി അംഗീകാരം നേടുന്നു. ഇതോടെ വിയോജിപ്പിനും വിമർശനത്തിനും ചെറുത്തുനിൽപ്പിനും ആളില്ലാതാകുന്നു. അധികാരികളുടെ ആധിപത്യശ്രമങ്ങൾ നിർബ്ബാധം പുരോഗമിക്കുകയും ചെയ്യുന്നു. പൊതുജനത്തെ ഈ വിധം പ്രതികരണശേഷി ഇല്ലാതാക്കി പരുവപ്പെടുത്തിയെടുക്കുന്നതിന് ഭരണകൂടവും മത-സഭാനേതൃത്വങ്ങളും ആസൂത്രിതമായിശ്രമിക്കുന്നതായി കാണുന്നു. അതാകട്ടെ, ദേശഭക്തിയും, സഭാസ്നേഹവും ആയി വ്യവഹരിക്കപ്പെടുന്നു. തങ്ങളോടുള്ള അനുസരണവും വിശ്വസ്തതയുമാണ് അച്ചടക്കമെന്ന് ജനത്തെ ധരിപ്പിക്കുന്നു. ജനത്തിന്റെ വിധേയത്വ-അനുസരണ ബന്ധമാണ് അധികാരഘടനയുടെ ആധാരം എന്ന് നേതാക്കൾക്കറിയാം. അനീതിയെ ചോദ്യം ചെയ്യുകയും ജനാധിപത്യമൂല്യങ്ങളെ അവഗണിക്കുകയും അടിച്ചമർത്തലിനെ ന്യായീകരിക്കുകയും ചെയ്യുന്ന രീതിയെ ജനം എതിർക്കാനും ചെറുക്കാനും തുടങ്ങിയാൽ അധികാര ഘടനകൾ പ്രതിസന്ധിയിലാകും. അതുകൊണ്ട് അച്ചടക്കത്തിന്റെയും ദേശ-മതഭക്തിയുടെയും പേരിൽ അനുസരണ

ത്തിന്റെ അനിവാര്യതയും വിധേയത്വത്തിന്റെ മാഹാത്മ്യവുമെല്ലാം ജനത്തെ നിരന്തരം ഓർമ്മിപ്പിക്കുന്നതിൽ അധികാരിവർഗ്ഗം സദാ ദത്തശ്രദ്ധരാണ്. യഥാർത്ഥത്തിൽ ജനാധിപത്യം നാട്ടിൽ നിലനിൽക്കുന്നതും, നീതി സഭാജീവിതത്തിൽ അന്യം വരാതിരിക്കുന്നതും അധികാരി വർഗ്ഗത്തിന്റെ തെറ്റായ പരിപാടികളോടും ചെയ്തികളോടും വിയോജിക്കുവാനും അവയെ തിരുത്തിക്കുവാനുമുള്ളതങ്ങളുടെ കഴിവും ശ്രമവും മൂലമായിരുന്നു എന്നത് ജനം വിസ്മരിച്ചുപോകുന്നു. ഒപ്പം തന്നെ സ്വതന്ത്രബുദ്ധിയുള്ളവർ നിശ്ശബ്ദരാവുകയും ചെയ്യുന്നു.

ഗാന്ധിജിയെക്കുറിച്ച് അടുത്ത കാലത്ത് പ്രസിദ്ധീകരിച്ച ഒരു പുസ്തകത്തിന്റെ പേരു തന്നെ ശ്രദ്ധേയമാണ്. The Disobedient Indian: Towards Gandhian Philosophy of Dissent. നീതിരഹിതമായ നിയമങ്ങളും അവ അടിച്ചേൽപിക്കുന്ന ഭരണകൂടത്തിന്റെയും അധികാരിവർഗ്ഗത്തിന്റെയും പ്രവൃത്തികളും അവർ ആവശ്യപ്പെടുന്ന നിരുപാധിക അനുസരണവും അവരുടെ ആധിപത്യപ്രവണതകളും ധിക്കരിക്കുന്നത് ജീവിത ദർശനവും ധർമ്മവുമാക്കിയ വ്യക്തിയായിരുന്നു മഹാത്മജി. ക്രിസ്തുവാകട്ടെ, അന്നത്തെ മത ജീവിതത്തോടും അതിന്റെ നിയന്താക്കളായിരുന്ന മതാധികാരികളോടും സന്ധിയില്ലാത്ത വിയോജിപ്പാണ് പ്രകടിപ്പിച്ചത്. അതുകൊണ്ടുതന്നെയാണ് രക്ഷാകരമായ തന്റെ പരസ്യശുശ്രൂഷയെ അധികാരികൾ ക്രൂശിലെ വധം കൊണ്ട് അവസാനിപ്പിച്ചത്. ലോകാരാധ്യരും സർവ്വസമ്മതരുമായ ക്രിസ്തുവും ഗാന്ധിജിയും മതത്തിലും രാഷ്ട്രീയത്തിലും ദുർജ്ജന്മം കൊള്ളുന്ന അനീതിയോടും അധീശത്വമനോഭാവത്തോടും, വിയോജിക്കുവാനും എതിർക്കുവാനുമാണ് പഠിപ്പിക്കുന്നത്. ഏറ്റവുമധികം അനീതിയും അധികാരദുർവ്വിനിയോഗവും നടക്കുന്ന മേഖലകളാണ് രാഷ്ട്രീയവും മതവും. ന്യായ, ധർമ്മങ്ങൾ കർശനമായി പുലരേണ്ട- പുലർത്തേണ്ട - രംഗങ്ങളാണ് ഇവ രണ്ടുമെന്നുള്ളതാണ് ഇതിലെ വിരോധാഭാസം.

നീതിബോധത്തിൽ നിന്ന് രൂപം കൊള്ളുന്ന ആന്തരിക സമ്മർദ്ദമാണ് അധികാര ഗർവ്വിനെ ധിക്കരിക്കുവാനും അന്യായത്തെ ചെറുക്കുവാനുമുള്ള പ്രേരണയും കരുത്തും മനുഷ്യന് നൽകുന്നത്. വിയോജിക്കൽ ജീവിതത്തിന്റെ നിയോഗമായി നാം മനസ്സിലാക്കേണ്ടതുണ്ട്. ലക്ഷ്യമിടുന്നത് സമൂഹത്തിന്റെയും മതത്തിന്റെയും നന്മയും ശുദ്ധീകരണവും വീണ്ടെടുപ്പുമാണ്. പ്രീണനം, സ്വാർത്ഥത, അധികാരനേട്ടം, ധനസമ്പാദനം എന്നിവയെല്ലാം മൂല്യങ്ങളായി പരിണമിച്ചിട്ടുള്ള ഒരു ലോകത്തെ വഴിമാറ്റി ചിന്തിപ്പിക്കണമെങ്കിൽ നീതിബോധവും, അനുസരണക്കേടും ഉള്ള ധിക്കാരികൾ ഉണ്ടായേ പറ്റൂ. അനീതിപുലരുകയും അധർമ്മവും ചൂഷണവും ആധിപത്യമനോഭാവവവും വളരുകയും ചെയ്യുന്നിടത്ത് ചെറുക്കാൻ കഴിഞ്ഞാൽ മാത്രമാണ് മനുഷ്യ ജീവിതത്തിന് അർത്ഥമുണ്ടാകുന്നത്. അപ്പോഴാണ് സ്വാതന്ത്ര്യം യാഥാർത്ഥ്യമാകുന്നത്. ഇൻഡ്യ സ്വതന്ത്രയായി ത്തീർന്നിട്ടും മത ഫാസിസം ഇൻഡ്യൻ രാഷ്ട്രീയത്തിൽ വേരോട്ടം നടത്തുമ്പോൾ കാൾബർഗ്ഗിയെപ്പോലെയുള്ളവർക്ക് അതിനെതിരെ പ്രതികരിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഹിംസാത്മക പ്രത്യയശാസ്ത്രത്തോട് ഏറ്റുമുട്ടിയ അദ്ദേഹവും സമാനചിന്താഗതിക്കാരും ദാരുണമായി, കിരാതമായി കൊല ചെയ്യപ്പെടുകയാണുണ്ടായത്. നക്സൽ മേൽവിലാസം നൽകി എത്ര സ്വതന്ത്രചിന്തകരെയാണ് അറസ്റ്റ് ചെയ്യാൻ സർക്കാർ ഉത്തരവിറക്കുന്നത്. ഭരണകൂടത്തെയും അതിന്റെ പ്രത്യയശാസ്ത്രത്തെയും വിമർശിക്കുന്നവർക്ക് സ്വാതന്ത്ര്യം ഈ നാട്ടിൽ ഇല്ലാതാകുന്നു. സഭാനേതൃത്വത്തിൽ നിലവിലിരിക്കുന്നതും അടിച്ചൊതുക്കലിന്റെ രീതി തന്നെയാണ്. അധികാരം കൈപ്പിടിയിലൊതുക്കാനായി നേതൃത്വത്തിൽ കഴിഞ്ഞകാലങ്ങളിൽ നടന്ന ശ്രമങ്ങൾ സഭാംഗങ്ങൾക്ക് അജ്ഞാതമല്ല. സ്വേച്ഛാധിപത്യം, അഴിമതി, ലക്ഷ്യം നേടാൻ ക്രിമിനലുകളെ സഹകരിപ്പിക്കൽ എന്നിവ സംബന്ധിച്ച് ദൃശ്യമാധ്യമങ്ങളിൽ ആഘോഷം തന്നെ നടന്നു. ചോദ്യം ചെയ്യൽ അതതു മേഖലകളിൽ നിന്ന് തന്നെ ഉണ്ടാകണം. എങ്കിൽ മാത്രമേ സ്വാതന്ത്ര്യവും നീതിയും യാഥാർത്ഥ്യമാകൂ. The course of thinking and questioning is a part of freedom and sometimes, if not always, the imperative to disobey represents the acme of freedom (Neera Chandhoke).

വിയോജിപ്പ് ഉണ്ടാകുമ്പോൾ മനുഷ്യന്റെ വ്യക്തിസ്വാതന്ത്ര്യവും ധാർമ്മികതയും സമൂഹത്തോടും സഭയോടുമുള്ള പ്രതിബദ്ധതയുമാണ് പ്രകടമാകുന്നത്. വ്യക്തിക്ക് മാന്യവും സ്വതന്ത്രവുമായ രീതിയിൽ അഭിപ്രായപ്രകടനം നടത്തുവാനും നിലപാടെടുക്കുവാനുമുള്ള അവകാശം തടയപ്പെട്ടാൽ മനുഷ്യന്റെ സ്വത്വവും സ്വാതന്ത്ര്യവും ഹനിക്കപ്പെടുകയാണ്. നാം അംഗമായ സഭ, സമൂഹം, രാഷ്ട്രം എന്നിവയെ ഉത്തരവാദിത്തവും നീതിയുമുള്ളവയാക്കുന്നതിനുള്ള ജനസമ്മർദ്ദം നിലച്ചുപോയാൽ, സംഭവിക്കുന്നത് അപകടമാണ്; രൂപം കൊള്ളുന്നത് അനീതി സമൂഹവും. ഇത് തടയപ്പെടേണ്ടതുണ്ട്. അതിനുള്ള നടപടികൾ നീതിസമൂഹം സൃഷ്ടിക്കുവാനുള്ള ആത്മീക ശുശ്രൂഷയാണ്. ധാർമ്മീകതയുടെയും നീതിബോധത്തിന്റെയും

ശക്തമായ ഉൾപ്രേരണകൊണ്ടാണ് ഇവയ്ക്കുള്ള ശ്രമമുണ്ടാകുന്നത്. മഹാത്മാഗാന്ധിയെ സംബന്ധിച്ച് ഇതൊരു സത്യാന്വേഷണ പരീക്ഷണമായിരുന്നു. ഇത്തരത്തിൽ ചിന്തിക്കുന്നവരുടെ ഒത്തുചേരൽ ഈ സംരംഭത്തെ ഒരു പ്രസ്ഥാനവും മുന്നേറ്റവുമായി മാറ്റും. സത്യവും നീതിയും മനുഷ്യത്വവുമുള്ളവരുടെ വിയോജിപ്പു പ്രകടമാക്കുന്ന കൂട്ടായ്മ തീർച്ചയായും ഫലപ്രദമായിത്തീരും. രാജ്യത്തും മതത്തിലും ഇതിനോടകം സ്ഥാപനവൽക്കരിക്കപ്പെട്ട അധികാരഘടനകളോടുള്ള വിയോജിപ്പ് പ്രകടമാക്കാൻ ഇത്തരം ഒത്തുചേരൽ അനിവാര്യമാണ്. അതുകൊണ്ട് അതുണ്ടായേ തീരൂ. നീതി നിലനിൽക്കുന്ന രാഷ്ട്രവും സമൂഹവും, നീതിബോധവും സാക്ഷ്യവുമുള്ള സഭയും സൃഷ്ടിക്കാൻ ചിന്താശക്തിയും, ധാർമ്മികബോധവും വിയോജനശേഷിയുമുള്ളവരുടെ കൂട്ടായ്മയും അതു സൃഷ്ടിക്കുന്ന ചലനങ്ങളും തീർച്ചയായും സഹായകമാകും.

സസ്നേഹം,

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

**ലേഖനം**

# ദൈവത്തിന്റെ മുഖം

**ഫാ. എ.എം. ഉലഹന്നാൻ**

**അ**ത്യന്തം ഉദ്വേഗജനകമായ ഒരു സംഭവമാണ് അന്ന് യാബോക് നദീതടത്തിൽ അരങ്ങേറാനിരുന്നത്. കഴിഞ്ഞ 20 വർഷമായി താൻ അനുഭവിക്കുന്ന മന:ക്ലേശങ്ങൾക്കും അന്ത: സംഘർഷങ്ങൾക്കും കാരണക്കാരനായവൻ ഇന്ന് തനിക്ക് കയ്യെത്തും ദൂരത്തിൽ എത്താൻ പോകുന്നു.

ജനിച്ചപ്പോൾ മുതൽ തന്റെ സഹോദരൻ കാണിച്ച മുഴുവൻ ചതികളും ഏശാവിന്റെ മനസ്സിൽ തെളിഞ്ഞുവന്നു. ജനിച്ചപ്പോൾ തന്നെ തന്റെ കുതികാൽ പിടിച്ച് തന്നെ വീഴിക്കാൻ ശ്രമിച്ചവനാണെന്നു പറഞ്ഞും കേട്ടിട്ടുണ്ട്. പിന്നീട് ജീവിതത്തിൽ ഓരോ ഘട്ടത്തിലും അവൻ തന്നെ തോൽപിക്കുകയായിരുന്നു. വിശന്നുവലഞ്ഞുവന്ന തന്റെ നേർക്ക് ഒരു നേരത്തെ ആഹാരം വച്ചുനീട്ടി തന്റെ ജന്മാവകാശമാണ് അവൻ തീറെഴുതി വാങ്ങിയത്. കാഴ്ചശക്തിയും സുബോധവും മങ്ങിക്കഴിഞ്ഞിരുന്ന, തന്നെ ഏറെ സ്നേഹിച്ചിരുന്ന, പിതാവിന്റെ അടുക്കൽ തന്റെ വേഷം കെട്ടിച്ചെന്ന് തനിക്ക് ലഭിക്കേണ്ട നൽവരങ്ങൾ ഒന്നൊഴിയാതെ അവൻ തട്ടിയെടുത്തു. തന്നെ മാത്രമല്ല, മരണത്തോടടുക്കുന്ന പിതാവിന്റെ വിശ്വാസത്തേയും കൂടിയാണ് അന്ന് അവൻ വഞ്ചിച്ചത്. അവനുമായി ബന്ധമുണ്ടായിരുന്ന എല്ലാവരേയും അവൻ വഞ്ചിക്കുകയാണു ചെയ്തത്. പിതാവിനെ, തന്നെ, ഇരുപതു വർഷം സംരക്ഷണം നൽകിയ അമ്മാവനെ, അങ്ങനെ എല്ലാവരേയും. എന്നിട്ടും ദൈവപാതയിൽ ചരിക്കുന്നവനെന്നും ധാർമ്മികനെന്നും നീതിബോധമുള്ളവനെന്നും ആളുകൾ അവനെ വാഴ്ത്തുന്നു. ''യാക്കോബ് ദാനശീലനും കൂടാരവാസിയും ആയിരുന്നു''എന്ന് പിൽക്കാലചരിത്രം സാക്ഷ്യപ്പെടുത്താൻ തക്കവിധത്തിൽ മറ്റുള്ളവരുടെ മുമ്പിൽ അവൻ പ്രത്യക്ഷപ്പെടുന്നു. എല്ലാം കഴിഞ്ഞ് ഇപ്പോൾ ഇരുപത് വർഷത്തിനുശേഷം അവൻ മടങ്ങിവരുന്ന വിവരം ദൂതനെ വിട്ടറിയിച്ചിരിക്കുന്നു.

അന്യനാട്ടിലെ അദ്ധ്വാനം മൂലം മനസ്സും ശരീരവും ഒരു പോലെ തളർന്നായിരിക്കും അവൻ വരുന്നത്. സേവകരാരുമില്ലാതെ, നിരായുധനായിട്ടായിരിക്കും വരവ്. മാത്രവുമല്ല, ഭാര്യമാരെയും മക്കളെയും മൃഗങ്ങളെയും എല്ലാം സംരക്ഷിക്കേണ്ട ചുമതലയും അവനുണ്ടാകും. പ്രതികാരത്തിനു പറ്റിയ അവസരം ഇതു തന്നെയാണ്. ഏശാവ് മനസ്സിൽ ഉറപ്പിച്ചു. താനാണെങ്കിൽ തന്റെ നാട്ടിൽ തന്നെയാണ്. അംഗരക്ഷകന്മാരും അനുചരന്മാരും ധാരാളമുണ്ട്. എല്ലാം ചിന്തിച്ചുറപ്പിച്ച ഏശാവ് നാനൂറ് അനുചരന്മാരുമായി യാബോക്ക് നദീ തീരത്തേക്ക് പുറപ്പെട്ടു.

തല ഉയർത്തിനോക്കിയാൽ യാക്കോബിന് ഏശാവിനെ കാണാം. വൻ അനുചരസംഘത്തിന്റെ അടമ്പടിയോടെ തന്റെ നേർക്കു നടന്നടുക്കുന്ന വരുന്ന ഏശാവിനെ കണ്ടപ്പോൾ അതുവരെ സംഭരിച്ചുവച്ച മുഴുവൻ ധൈര്യവും ചോർന്ന് പോയി. ഒരു പാത്രം പായസം കൊണ്ട് പണ്ടൊരിക്കൽ കീഴടക്കാൻ കഴിഞ്ഞതാണ്. അതു പക്ഷേ, വർഷങ്ങൾക്കുമുമ്പ്, ജീവിതത്തിൽ ഗൗരവപൂർണ്ണമായി ചിന്തിക്കാൻ തുടങ്ങുന്നതിന് മുമ്പ്, ആയിരുന്നു. ഇന്ന്, താൻ ചെയ്യുന്ന ഓരോ നിസ്സാര സംഗതിയും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയേക്കാം എന്ന തിരിച്ചറിവു നേടിയ ആളാണ് ഏശാവ്. അതു കൊണ്ടാണ് അന്നത്തെ പായസത്തിന്റെ സ്ഥാനത്ത് ഇന്ന് ''ഇരുന്നൂറു കോലാടിനെയും ഇരുപതു കോലാട്ടുകൊറ്റനെയും ഇരു

ന്നൂറു ചെമ്മരിയാടിനെയും ഇരുപത് ചെമ്മരിയാട്ടുകൊറ്റനെയും കറവുള്ള മുപ്പത് ഒട്ടകത്തെയും അവയുടെ കുട്ടികളെയും നാൽപതു പശുവിനെയും പത്തുകാളയെയും ഇരുപതു പെൺകഴുതയെയും പത്തുകാളയെയും ഇരുപതു പെൺകഴുതയെയും പത്തു കഴുതക്കുട്ടിയെയും'' കൊടുത്തയച്ചത്. അതും എണ്ണിയിട്ടും എണ്ണിയിട്ടും തീരുന്നില്ലല്ലോ എന്നു തോന്നാൻ പാകത്തിന് അകലം പാലിച്ചു നീങ്ങുന്ന പറ്റങ്ങൾ ആയിട്ട്! പക്ഷെ, ഇതെല്ലാം കണ്ടിട്ടും ഏശാവിന്റെ മനസ്സു മാറിയില്ലെങ്കിൽ?! ബാക്കി ചിന്തിക്കാൻ യാക്കോബു ധൈര്യപ്പെട്ടില്ല. ഏശാവ് അടുത്തെത്തിക്കഴിഞ്ഞിരിക്കുന്നു. ഭീരുത്വവും കുറ്റബോധവും പ്രത്യുല്പന്ന മതിത്വത്തെ കീഴടക്കുമ്പോൾ ആരും അശ്രയിക്കുന്ന വിഡ്ഢിത്തത്തിന്റെ തീരുമാനം യാക്കോബും എടുത്തു: എന്തും വരട്ടെ!.

പക്ഷേ! സകലരുടെയും കണക്കുകൂട്ടലുകൾ തെറ്റിച്ച സമീപനമായിരുന്നു ഏശാവിൽ നിന്നുണ്ടായത്. ഏശാവ് ഓടി വന്ന് അവനെ എതിരേറ്റ് ആലിംഗനം ചെയ്തു. അവന്റെ കഴുത്തിൽ വീണ് അവനെ ചുംബിച്ചു. രണ്ടുപേരും കരഞ്ഞു. ഹൃദയത്തിൽ എരിഞ്ഞു നിന്നിരുന്ന ശത്രുതയുടെയും പ്രതികാരമോഹത്തിന്റെയും ഭയപ്പാടിന്റെ കനലുകൾ ആ കണ്ണീർതുളികളിൽ കെട്ടടങ്ങി ഒലിച്ചുപോയി.

വന്നവനിലോ നിന്നവനിലോ കൂടുതൽ തെറ്റും ശരിയും എന്നു വിശകലനം ചെയ്യുന്നതിനേക്കാൾ ഈ പുന:സമാഗമത്തിനു അവരെ പ്രേരിപ്പിച്ച ഘടകങ്ങളും പുനരൈകൃത്തിന്റെ അനന്തരഫലങ്ങളും കണ്ടെത്താൻ ശ്രമിക്കേണ്ടതാണ് ഇപ്പോഴത്തെ ആവശ്യം. കാരണം, വർഷങ്ങൾ നീണ്ട വഴക്കുകൾക്കും ഏറ്റുമുട്ടലുകൾക്കും ശേഷം നമ്മുടെ പല ഇടവകകളിലും ഇന്ന് സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും പുതുയുഗം പിറന്നിരിക്കുന്നു.

സ്വന്തം കുടുംബത്തിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നും നാട്ടിൽ നിന്നു തന്നെയും അകന്നു മാറാൻ യാക്കോബിനെ നിർബ്ബന്ധിതനാക്കിയത് അവന്റെ തന്നെ വഞ്ചനാപൂർവ്വമായ ഇടപെടലുകൾ ആണ്. പക്ഷേ, സ്വയം സൃഷ്ടിച്ചെടുത്ത അഭയകേന്ദ്രം എക്കാലത്തേക്കും പ്രയോജനപ്പെടുകയില്ല എന്ന് കാലാന്തരത്തിൽ അവനു മനസ്സിലായി. ഒരു ദിവസം ദൈവം നിർദ്ദേശിക്കുന്ന ശബ്ദം അവൻ കേട്ടു തിരിച്ചറിഞ്ഞു. ''നിന്റെ പിതാക്കന്മാരുടെ ദേശത്തേക്കും നിന്റെ ചാർച്ചക്കാരുടെ അടുക്കലേക്കും മടങ്ങിപോക; ഞാൻ നിന്നോടുകൂടെയിരിക്കും.'' ദൈവശബ്ദം കേട്ടപ്പോൾ തന്നെ യാക്കോബ് മടങ്ങി പോകാൻ തീരുമാനിച്ചു. ഇന്നും പ്രസക്തമായ കാര്യമാണ് യാക്കോബ് ചെയ്തത്. ദൈവശബ്ദത്തിനു കീഴടങ്ങിക്കൊടുത്തു. അനുരഞ്ജനത്തിന്റെ ആദ്യപടി അതാണ്. ദൈവം മനുഷ്യനോടു നേരിട്ടു സംസാരിക്കുന്ന ആ കാലം കഴിഞ്ഞു അഥവാ സ്വന്തം അന്ത:കരണത്തിലെ നന്മയുടെ ദൈവശബ്ദം കേൾക്കുവാനും തിരിച്ചറിയുവാനും ഉള്ള മനുഷ്യന്റെ കഴിവ് പിൻതള്ളപ്പെട്ടു. ഇന്ന് ശരിയുടെയും നന്മയുടെയും ശബ്ദം വ്യവസ്ഥാപിത നിയമങ്ങളും നിയമസ്ഥാപനങ്ങളും ആണ് പുറപ്പെടുവിക്കുന്നത്. അത് അനുസരിക്കുവാൻ എല്ലാവരും തയ്യാറാകുമ്പോൾ മാത്രമേ അനുരഞ്ജനം സാദ്ധ്യമാകൂ. ദൈവനീതിക്ക് ഉപാധികൾ വയ്ക്കാൻ മനുഷ്യനു കഴിയില്ല. അവകാശവുമില്ല. അനുരഞ്ജനത്തിൽ എത്തിച്ചേരുക എന്നത് അത്ര എളുപ്പം നേടാവുന്ന ഒരു ലക്ഷ്യമല്ല. അപകടപൂർണ്ണമാണ് അവിടേക്കുള്ള വഴി. പഴയ ശത്രുവിന്റെ സമീപനം എന്തായിരിക്കുമെന്ന് പറയാൻ കഴിയില്ല. ഒറ്റയ്ക്കു ഒരു നദിക്കരയിൽ ഒരു രാത്രി മുഴുവൻ കഴിച്ചുകൂടിയ യാക്കോബിനോട് മൽപിടുത്തം നടത്തിയത്, ഒരു തീരുമാനത്തിലെത്താതെ സംഘർഷപൂരിതമായി നിന്ന സ്വന്തം മന:സാക്ഷി തന്നെയാകാം. മനസ്സിലെ കുറ്റബോധം പ്രഭാതമായപ്പോഴേക്കും അയാളെ ശാരിരീകമായി തളർത്തി. ആ പ്രഭാതം സൃഷ്ടിച്ചത് ആകാശത്തിൽ ഉദിച്ച സൂര്യൻ മാത്രമല്ല, യാക്കോബിന്റെ മനസ്സിൽ ഉദിച്ച പുതിയ ബോധ്യങ്ങളുടെ വെളിച്ചം കൂടിയാണ്. മുടന്തി നടക്കുന്നവനായിട്ടാണ് അവൻ അനുരഞ്ജനത്തിനു ചെല്ലുന്നത്. ''ഞാൻ നിന്നോടുകൂടെയിരിക്കും'' എന്ന ഉറപ്പ് യാക്കോബ് പൂർണ്ണമായി വിശ്വസിച്ചു അതോടുകൂടി ആത്മവിശ്വാസവും മനസ്സിന്റെ ശാന്തതയും ആർജ്ജിക്കാൻ കഴിഞ്ഞു. സ്വന്തം മനസ്സിന്റെ ശാന്തതയാണ് മറ്റൊരാളെ വിശ്വസിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. പുറപ്പെടുന്നതിന് മുമ്പ് യാക്കോബിന്റെ പ്രാർത്ഥന സൂചിപ്പിക്കുന്നത് ദൈവം കാത്തുകൊള്ളും എന്ന അവന്റെ ഉറപ്പാണ്. ഈ ഉറപ്പാണ് ഇക്കാലത്തും സംഖ്യത്തിലേർപ്പെടുന്ന വ്യക്തികൾക്കുണ്ടാകേണ്ടത്. ''ഒരാളെ വിശ്വസിക്കാമോ എന്നറിയാനുള്ള ഏറ്റവും നല്ല മാർഗ്ഗം അയാളെ വിശ്വസിക്കുക എന്നതുതന്നെയാണ്'' എന്നു പറഞ്ഞ ഏണസ്റ്റ് ഹെമിംഗ്വേയെ ഇവിടെ ഓർക്കാം.

ത്യാഗത്തിന്റെ മറുവിലയാണ് അനുരഞ്ജനം. ഹാരാനിൽ നിന്നു വലിയ മൃഗസമ്പത്തുമായിട്ടാണ് യാക്കോബു പുറപ്പെടുന്നത്. അവയിൽ ഭൂരിഭാഗവും കഴിഞ്ഞ ഇരുപതുവർഷത്തെ തന്റെ അദ്ധ്വാനം കൊണ്ടു നേടിയതാണ്. വഞ്ചിച്ചെടുത്ത മൃഗങ്ങൾ താരതമ്യേന കുറവായിരുന്നു. പക്ഷേ, ഏശാവിനു

മുന്നിൽ, താൻ കൊണ്ടുവന്ന മൃഗ സമ്പത്തിന്റെ ഒരു വലിയ പങ്ക് അടിയറവയ്ക്കാൻ അയാൾ സന്ന ദ്ധനാവുകയാണ്. വളരെ നിർബ ന്ധിച്ചിട്ടാണ് ഏശാവിനെക്കൊണ്ട് അത് സ്വീകരിപ്പിക്കുന്നത്. ആധു നിക അനുരഞ്ജനത്തിന് ഏറ്റവും വലിയ തടസ്സവും ഇതാണ്. ന്യായ മായി സമ്പാദിച്ചതും, കൈവിട്ടു പോകുമോ എന്ന ഭയം. അതോടൊ പ്പം തന്നെ കാലങ്ങളായി ചോദ്യം ചെയ്യപ്പെടാത്ത 'അധികാരികൾ' ആയിരുന്നവരുടെ രാജതുല്യമായ പദവികൾ നഷ്ടപ്പെടുമോ എന്ന ഭയം. ഏദോമിന്റെ ഇടപ്രഭുക്കളുടെ വെല്ലുവിളിക്കപ്പെടാത്ത അധികാര ങ്ങൾ നഷ്ടപ്പെട്ടേക്കാം എന്ന തോ ന്നൽ. സ്വന്തം വ്യക്തിത്വത്തിന്റെ ബലത്തിൽ പിടിച്ചുനിൽക്കാൻ കഴി യില്ല എന്ന പൂർണ്ണബോധ്യമുള്ള ഇത്തരക്കാർ അനുരഞ്ജനത്തിന് എന്നും എതിരായിരിക്കും മാത്രവു മല്ല എത്തിച്ചേർന്ന സമാധാനത്തെ തുരങ്കംവയ്ക്കാൻ പരോക്ഷമായി നിരന്തരം ശ്രമിക്കുകയും ചെയ്യും.

പുനരൈക്യം ഏകപക്ഷീയമ ല്ല. ഇരുവശവും ഒരേമനസ്സോടെ സഹകരിച്ച് എത്തിച്ചേരേണ്ട ഒന്നാ ണ്. മാത്രവുമല്ല, ഐക്യം നില നിറുത്താൻ നിരന്തര ശ്രമവും ആവ ശ്യമാണ്. പൂച്ചയെ കൊള്ളാം പൂച്ച യുടെ കണ്ണുകൊള്ളില്ല എന്ന കാഴ് ചപ്പാട് അനുരഞ്ജനത്തിന് അനു യോജ്യമല്ല. അനുരഞ്ജനം സാ ദ്ധ്യമായിക്കഴിഞ്ഞാൽ പിന്നെ എല്ലാവരും ഒരേ കുടുംബത്തിലെ അംഗങ്ങളെപ്പോലെയാണ്. ആ രെയെങ്കിലും മാറ്റി നിറുത്താനും ഒറ്റപ്പെടുത്താനും ശ്രമിക്കുന്നത് ആദ്യം സൂചിപ്പിച്ചതുപോലുള്ള ചിന്താ വൈകൃതം ബാധിച്ചവർ മാത്രമായിരിക്കും.

ഏശാവും യാക്കോബും നിര പ്പായശേഷം യാക്കോബു പറയുന്ന വാക്കുകൾ ആധുനിക അനുരഞ്ജ നത്തിന്റെ കാലത്ത് ഏറെ പ്രസക്ത മാണ്. "ദൈവത്തിന്റെ മുഖം കാണു ന്നതുപോലെ ഞാൻ നിന്റെ മുഖം കാണുന്നു." ചില സാഹചര്യങ്ങ ളിൽ ശത്രുക്കളെപോലെ ചിന്തിച്ചു; പെരുമാറി, പക്ഷേ ഇന്ന് അവർ ശത്രുക്കളല്ല. ആധുനികകാലത്തും ഈ കാഴ്ച പ്പാടാണ് ഉണ്ടാകേണ്ട ത്- ഏതു "ഗ്രൂപ്പിൽ " പെടുന്നവർ എന്നു ചിന്തിക്കാതെ എല്ലാവരിലും ദൈവമുഖം തിരിച്ചറിയുന്ന കാഴ്ച പ്പാട്. ആ കാഴ്ചപ്പാട് രൂഢമൂലമാ കുമ്പോൾ ഒരു ഇടയനും ഒരു ആട്ടിൻകൂട്ടവും ഒരു തൊഴുത്തും എന്ന ലക്ഷ്യം സാക്ഷാത്കരിക്ക പ്പെടും.

ഇരുപക്ഷവും ഐക്യത്തിലാ യാൽ പൂർവ്വകാലത്തെ പരസ്പര ബന്ധത്തിൽ വന്ന വിള്ളലുകൾ പൂർണ്ണമായി വിസ്മരിക്കപ്പെടണം. ഏശാവോ, യാക്കോബോ പൂർവ്വ കാലത്തെക്കുറിച്ച് ഒരക്ഷരം മിണ്ടു ന്നില്ല. ഉണങ്ങിത്തുടങ്ങിയ മുറിവ് വീണ്ടും വ്രണമാക്കാനേ അത് ഉപ കരിക്കൂ എന്ന് അവർക്കറിയാമായി രുന്നു. അനുരഞ്ജനം ഒരു പുതിയ തുടക്കമാണ്. മുമ്പോട്ടു മുഖം തിരി ച്ചാണു നീങ്ങേണ്ടത് പിമ്പോട്ടല്ല. ഓരോരുത്തർക്കും അപരന്റെ അടുത്ത് അംഗീകാരം ലഭിക്കുന്നു എന്ന ആത്മവിശ്വാസം ഉണ്ടാ കണം. ആത്മവിശ്വാസം നഷ്ടപ്പെ ടുന്നിടത്ത് അപരനിലുള്ള വിശ്വാ സവും നഷ്ടപ്പെടും; ബന്ധങ്ങൾ തകരും; അനുരഞ്ജനം മിഥ്യ യാകും.

ഏശാവും യാക്കോബും രമ്യ തയിലെത്തുന്നതോടുകൂടി ഇസ ഹാക്കിന്റെ കുടുംബമാണ് പുന: സ്ഥാപിക്കപ്പെടുന്നത്. പ്രത്യേക പദവികളിലേക്ക് ദൈവം വിളിച്ച് ഉയർത്തിയ കുടുംബമാണ്, സഹോ ദരങ്ങളുടെ വഴക്കുമൂലം തകരുമാ യിരുന്നത്. ഇന്ന് ആ സാദ്ധ്യത മാറിക്കിട്ടി. പണ്ടു തന്റെ വിശപ്പിനെ ക്കുറിച്ചുമാത്രം ഏശാവും, ഏതു മാർഗ്ഗത്തിലൂടെയും നേടാൻ കഴി യുന്ന ഉയർച്ചയെക്കുറിച്ചു മാത്രം യാക്കോബും ചിന്തിച്ചു. അവിടെ കുടുംബം തകർന്നു ഇപ്പോൾ, നേടിയതു പങ്കുവയ്ക്കാൻ യാ ക്കോബും നഷ്ടപരിഹാരം പ്രതി കാരത്തിലൂടെയല്ല, ക്ഷമയിലൂടെ യാണ് നേടേണ്ടത് എന്ന് ഏശാവും തിരിച്ചറിഞ്ഞപ്പോൾ കുടുംബം പുന:സ്ഥാപിക്കപ്പെട്ടു. ഇടവകകൾ തടവാടുകളാണ്. ഏതെങ്കിലും ഒരു മകൻ മാറി നിൽകുമ്പോൾ, അവൻ സ്വന്ത അവകാശത്തിൽ നിന്ന് അന്യനായിതീരുന്നു; തറ വാട് അത്രത്തോളം ബലഹീനവും ആയിത്തീരുന്നു. ഏറെക്കാലം മാറി നിൽക്കാൻ മകനു കഴിയില്ല; മാറ്റി നിറുത്താൻ തറവാടിനു കഴിയില്ല.

എല്ലാ മക്കളും തുല്യ അവകാ ശത്തോടെ ഒരുമിച്ചുനിന്ന് ആരാധി ക്കുന്ന ഇടവകകൾ ഉണ്ടാകട്ടെ. ഏതാനും ഇടവകകളിൽ അതിനു തുടക്കം കുറിച്ചിട്ടുണ്ട്. ആ തുടക്കം പൂർണ്ണതിയിലെത്തട്ടെ. അകന്നു നിൽക്കുന്നവരിലും, അകറ്റി നിറു ത്തുന്നവരിലും, അകറ്റി നിറുത്താൻ പാടുപെടുന്ന "പുറം ജോലിക്കാ രിലും " ഐക്യത്തിന്റെ ആത്മാവു പ്രവർത്തിക്കട്ടെ.

## അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരു ടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകു വാൻ ശ്രമിക്കുക.

### ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

| | |
|---|---|
| 1 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 6000 രൂ. |

വേദവിചാരം

# പുളിപ്പിനെയും അതിന്റെ വിതരണക്കാരെയും സൂക്ഷിക്കുക.

വേദഭാഗം: മത്തായി 16:5-12

ഡോ: തോമസ് അത്താനാസ്യോസ്

യേശു ഏഴ് അപ്പവും കുറച്ച് ചെറുമത്സ്യങ്ങളും കൊണ്ട് നാലായിരത്തിലധികം പേരടങ്ങുന്ന ജനക്കൂട്ടത്തിന്റെ വിശപ്പു മാറ്റി പറഞ്ഞയച്ചശേഷം തന്റെ ശിഷ്യന്മാരുമൊത്ത് ഒരു വള്ളത്തിൽ ഗലീലാ കടലിന്റെ മറുകരയിലുള്ള മഗദയിലേക്ക് യാത്ര പുറപ്പെട്ടു. (മത്തായി 15: 32-37). അവിടെ എത്തിയപ്പോൾ അവൻ തന്റെ ശിഷ്യന്മാർക്ക് പരീശന്മാരുടെയും സാദൂക്യരുടെയും പുളിച്ച മാവിനെ സൂക്ഷിച്ചുകൊളളുവാൻ മുന്നറിയിപ്പു നൽകി. മർക്കോസിന്റെ സുവിശേഷത്തിൽ ഇതിനു സമാന്തരമായ ഭാഗത്ത് 'സാദുക്യരുടെയും' എന്നതിനു പകരം 'ഹെറോദ്യരുടെയും' എന്നാണ് പറഞ്ഞിരിക്കുന്നത് (മർക്കോസ്. 8:15) പുളിച്ചമാവിനെക്കുറിച്ചുളള യേശുവിന്റെ പരാമർശം തങ്ങൾ മറന്നു വച്ചു പോന്ന അപ്പത്തിന്റെ കാര്യമായിരിക്കുമെന്ന് ശിഷ്യന്മാർ തെറ്റിദ്ധരിച്ചു. അവരുടെ വിചാരം മനസ്സിലാക്കിയ കർത്താവ് അവർക്ക് താൻ പറഞ്ഞതിന്റെ അർത്ഥം വിശദീകരിച്ചുകൊടുക്കുന്നു. മറന്നുവച്ച അപ്പത്തെക്കുറിച്ചല്ല 'പുളിച്ച മാവ്' എന്ന പ്രയോഗം കൊണ്ട് കർത്താവ് അർത്ഥമാക്കിയത്. മറിച്ച് 'ഉപദേശം' 'പഠിപ്പിക്കൽ' 'ആശയം' എന്നൊക്കയാണ്, അതുകൊണ്ട് സൂചിപ്പിക്കുവാൻ ഉദ്ദേശിച്ചത്. അതായത് സാദൂക്യർ, പരീശർ തുടങ്ങിയവരുടെ ഉപദേശങ്ങൾ/ ആശയങ്ങൾ സൂക്ഷ്മത കൂടാതെ അതേപടി സ്വീകരിക്കരുത് എന്ന മുന്നറിയിപ്പാണ് ഗുരു തങ്ങൾക്ക് നൽകിയതെന്ന വസ്തുത അവർ ഗ്രഹിച്ചു. അങ്ങനെ അവരുടെ ധാരണപ്പിശകുമാറുകയും യേശുവിന്റെ മുന്നറിയിപ്പ് അവർ ഉൾക്കൊള്ളുകയും ചെയ്തു.

പുളിപ്പ് എന്നത് യഥാർത്ഥത്തിൽ ധാന്യമാവിനെ പുളിപ്പിക്കുന്ന-ferment ചെയ്യിക്കുന്ന-യീസ്റ്റ് (yeast) എന്ന സൂക്ഷ്മജീവികളടങ്ങുന്ന പുളിമാവാണ്. ഈ പുളിപ്പ് ധാന്യമാവിൽ പ്രവർത്തിച്ച് അതിന്റെ സ്വഭാവം പരിവർത്തനപ്പെടുത്തുന്നതുപോലെ ഉപദേശം/ആശയം മനുഷ്യമനസ്സിൽ പ്രവർത്തിച്ച് അതിൽ മാറ്റം സംഭവിപ്പിക്കുന്നു. ഇവ രണ്ടിന്റെയും പ്രവർത്തനത്തിലുള്ള സാദൃശ്യം മുൻനിർത്തി ഉപദേശത്തിന് ആശയത്തിന് ആലങ്കാരികമായി പുളിപ്പ് അല്ലെങ്കിൽ പുളിമാവ് എന്ന രൂപകം ഉപയോഗിക്കാവുന്നതാണ്. ആ ചമൽക്കാര പ്രയോഗമാണ് പരീശന്മാരുടെയും സാദുക്യരുടെ പുളിച്ച മാവ് എന്നതിൽ യേശു നടത്തിയത്. മാവിൽ ചേർക്കുന്ന പുളിപ്പ് അതിന്റെ ഉള്ളിലെ പ്രവർത്തനത്തെ (fermentation) ത്വരിതപ്പെടുത്തുന്ന ഏജന്റാണ്. ഈ പുളിപ്പുപോലെ മനുഷ്യനെ/സമൂഹത്തെ പരിവർത്തനപ്പെടുത്തുവാൻ ഉപദേശങ്ങൾക്ക്/ആശയങ്ങൾക്ക് കഴിയുന്നതുകൊണ്ടാണ് കർത്താവ് ഇവിടെ ഉപദേശങ്ങളുടെ സ്വാധീനത്തെ വിശദീകരിക്കുവാനായി ഇത് ഉപയോഗപ്പെടുത്തുന്നത്. പുളിപ്പിന്റെ ഈ പ്രത്യേകത പരിഗണിച്ച് നല്ല സ്വാധീനത്തെയും ദുസ്വാധീനത്തെയും സൂചിപ്പിക്കുവാൻ പുളിപ്പ് എന്ന വാക്ക് പുതിയനിയമത്തിൽ പലയിടങ്ങളിലും പ്രയോഗിച്ചിട്ടുണ്ട്. ദൈവരാജ്യം മാവിൽ ചേർത്ത പുളിമാവു പോലെയാണെന്ന് കർത്താവു പറയുന്നു. (ലൂക്കോസ് 13:20) അത് വലിയ മാവിൻ പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നു. അതുപോലെ ദൈവരാജ്യ സാന്നിധ്യം അതു നിലവിൽ വരുന്ന സൂഹത്തെ മൊത്തമായി പരിവർത്തനപ്പെടുത്തുന്നു. സമൂഹത്തെ ഗുണപരമായി മുഴുവനായും വേഗത്തിലും ആന്തരീകമായി പരിവർത്തനപ്പെടുത്തുവാൻ ദൈവരാജ്യത്തിന് സാധിക്കുമെന്നാണ് കർത്താവ് ഇവിടെ സൂചിപ്പിക്കുന്നത്. എന്നാൽ ഈ പാഠഭാഗത്ത് പരീശന്മാരുടെയും സാദൂക്യരുടെയും ഹെറോദ്യരുടെയും ഉപദേശങ്ങൾ/ആശയങ്ങൾ ശിഷ്യന്മാരെയും ജനസമൂഹത്തെയും ദുഷിപ്പിക്കുവാനുള്ള സാധ്യതയാണ് കർത്താവ് വെളിപ്പെടുത്തുന്നത്. അതായത് പുളിപ്പ് നല്ലതെങ്കിൽ പിണ്ഡത്തെ അപ്പത്തിനായി പാകപ്പെടുത്തുകയും മോശമെങ്കിൽ പിണ്ഡത്തെ മുഴുവനായി നശിപ്പിക്കുകയും ചെയ്യുന്നു. പിണ്ഡം ഇവിടെ ന്യൂട്രൽ (neutral) ആണ്. അതിനെ നല്ലതൊ, ചീത്തയൊ ആയി പരിവർത്തിപ്പിക്കുന്നതിൽ നിർണ്ണായകമാകുന്നത് ചേർക്കുന്ന പുളിപ്പിന്റെ നന്മയോ തിന്മയോ ആണ്. മോശമായ പുളിപ്പിനെ സൂചിപ്പിക്കുവാൻ പൗലോസ് 'പഴയ പുളിച്ചമാവ്' എന്ന് പ്രയോഗിക്കുന്നു. (1 കോറി. 5:6) കർത്താവിന്റെ ഉപദേശമായ പുതിയ പുളിപ്പ് സമൂഹത്തെ ഗുണപരമായി മെച്ചപ്പെടുത്തുന്നു. പരീശന്മാരുടെയും മറ്റും പഴകിയ പുളിച്ചമാവ് ആകട്ടെ, സമൂഹത്തെ മോശമാക്കി നശിപ്പിക്കുന്നു. ഈ വസ്തുത തന്റെ ശിഷ്യഗണം ശരിയായി മനസ്സിലാക്കണമെന്നാണ് കർത്താവ് ഉദ്ദേശിക്കുന്നത്. അതി

നുവേണ്ടിയാണ് ഈ മുന്നറിയിപ്പ് അവർക്കു നൽകുന്നത്. പുളിച്ച മാവിന്റെ പ്രഭവസ്ഥാനവും അതിന്റെ ഗുണനിലവാരവുമാണ് പിണ്ഡത്തിൽ സംഭവിക്കുന്ന മാറ്റത്തിൽ നിർണ്ണായകമാകുന്നത്. പുളിപ്പ് നല്ലതാണെങ്കിലും മോശമാണെങ്കിലും അത് അതിന്റെ സ്വഭാവമനുസരിച്ച് പിണ്ഡത്തിൽ രൂപാന്തരക്രിയ നിർവ്വഹിക്കും. അതായത് ആശയോപദേശങ്ങളുടെയും അവ നൽകുന്നവരുടെയും നന്മതിന്മകൾക്കനുസൃതമായിരിക്കും അവ സമൂഹത്തിൽ വരുത്തുന്ന മാറ്റത്തിന്റെ പ്രത്യേകത എന്ന് സാരം. സുവിശേഷത്തിന്റെ പുളിപ്പ് സമൂഹത്തെ നന്മയിലേക്ക് നയിക്കുന്നു. പരീശപ്രഭൃതികളുടെ പഴകിയ പുളിച്ചമാവ് വ്യക്തികളെയും സമൂഹത്തെയും ജീർണ്ണതയിൽ എത്തിക്കുന്നു.

പരീശർ, സാദുക്യർ, ഹെറോദ്യർ, എന്നിവരെയും അവരുടെ ഉപദേശങ്ങളെയും പ്രത്യേകം ശ്രദ്ധിക്കണമെന്ന മുന്നറിയിപ്പാണ് കർത്താവ് ഇവിടെ തന്റെ അനുയായികൾക്ക് നൽകുന്നത് എന്ന് പറഞ്ഞല്ലോ. ഇക്കൂട്ടരെല്ലാം തന്റെ ശുശ്രൂഷയ്ക്ക് തടസ്സം നിന്നവരും തന്നെ എതിർത്തവരും ആയിരുന്നു. ക്രിസ്തുവിന് ഏതാണ്ട് ഒരു നൂറ്റാണ്ട് മുമ്പ് രൂപം കൊണ്ട സമൂഹമാണ് പരീശർ. പുരോഹിത വർഗ്ഗത്തിൽപെടാത്ത അത്മായ മതനേതാക്കളാണിവർ. മതജീവിതം പ്രകടനപരമാക്കുവാൻ ഇവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അനുഷ്ഠാനപ്രധാനമായ ആദ്ധ്യാത്മികതയാണ് ഇവർ നയിച്ചിരുന്നത്. മോശയിൽ നിന്ന് അലിഖിതമായി ലഭിച്ചതെന്ന് അവകാശപ്പെട്ടിരുന്ന പാരമ്പര്യങ്ങൾ അനുസരിച്ച് അവർ ന്യായപ്രമാണത്തെ വ്യാഖ്യാനിക്കുകയും ഉപനിയമങ്ങൾ സൃഷ്ടിച്ച് ജനത്തെ അവ പാലിക്കുവാൻ നിർബ്ബന്ധിക്കുകയും ചെയ്തിരുന്നു. മതജീവിതത്തിലെ ശുദ്ധി-അശുദ്ധി വിഷയങ്ങൾ, അവ സംബന്ധിച്ച നിയമങ്ങൾ, നിഷ്ഠകൾ, സമയക്രമം എന്നിവയെല്ലാം അവർക്ക് പ്രധാനമായിരുന്നു. അവരുടെ മതഭക്തിയപ്പറ്റി ജനങ്ങളിൽ മതിപ്പുളവാക്കുന്നതിനുവേണ്ടി പ്രത്യേക വേഷങ്ങൾ ധരിക്കുകയും രീതികൾ പാലിക്കുകയും അവർ ചെയ്തിരുന്നു. യഹൂദമതത്തിലെ വേദശാസ്ത്രികൾ മിക്കവാറും ഈ വിഭാഗത്തിലുള്ളവരായിരുന്നു. ഇവർക്ക് യഹൂദ പാർലമെന്റായ സന്നിദ്രീം സംഘത്തിൽ പ്രാതിനിധ്യവും ഉണ്ടായിരുന്നു. നാട്യപ്രധാനവും പ്രകടനപരവുമായ ഇവരുടെ ആദ്ധ്യാത്മികതയെയും അനുഷ്ഠാനപ്രധാനമായ മതജീവിതത്തെയും കർത്താവ് കണക്കറ്റ് വിമർശിച്ചിരുന്നു. കൂടാതെ കർത്താവിന്റെ മൗലികവും, വ്യക്തിപരവും പാരമ്പര്യമുക്തവുമായ ന്യായപ്രമാണവ്യാഖ്യാനം, നിയമത്തിനുപരി മനുഷ്യത്വത്തിനും സ്നേഹത്തിനും ഊന്നൽ കൊടുക്കുന്ന ആത്മീക സമീപനം തുടങ്ങിയവയെല്ലാം അദ്ദേഹത്തെ അവരുടെ കടുത്ത ശത്രുവാക്കി. മനുഷ്യന്റെ ആന്തരീകരൂപാന്തരീകരണത്തിലും ധാർമ്മികതയിലും ഊന്നിയ കർത്താവിന്റെ ആത്മീകത അവരുടെ മതജീവിതത്തിന് വെല്ലുവിളിയായിരുന്നു.

സാദൂക്യർ കുലീന വംശത്തിൽപ്പെട്ട പുരോഹിത-മഹാപുരോഹിതരാണ്. അവർ മതപരമായ കാര്യങ്ങളിൽ തികഞ്ഞ യാഥാസ്ഥിതികരായിരുന്നു. പൗരോഹിത്യ അധികാരത്തിനും അതിൽ അധിഷ്ഠിതമായ അധികാര ഘടനയ്ക്കും പോറൽ പോലും ഏൽക്കാൻ അവർ സമ്മതിച്ചിരുന്നില്ല. ആരാധനാനുഷ്ഠാന നിയമങ്ങൾ ന്യായപ്രമാണപ്രകാരം പാലിക്കപ്പെടണമെന്ന് അവർ ശഠിച്ചിരുന്നു. മരിച്ചവരുടെ പുനരുത്ഥാനം, അന്ത്യന്യായവിധി, വ്യക്തിയുടെ നിത്യത എന്നിവയൊക്കെ അവരുടെ വിശ്വാസത്തിന് അന്യമായിരുന്നു. പൗരോഹിത്യ മേൽക്കോയ്മയും അതിന്റെ അധികാരഘടനയും അവർ പ്രതിനിധാനം ചെയ്ത മതജീവിതവും കർത്താവ് ആദരിച്ചിരുന്നില്ല. വ്യക്തിസ്വാതന്ത്ര്യവും, വിടുതലും നൽകുന്ന ഭീഷണിയായി കണ്ടു. അതിനാൽ ക്രിസ്തുവിന്റെ ദൈവരാജ്യ സുവിശേഷത്തെ അവർ തങ്ങളുടെ മതപ്രസ്ഥാനത്തിന്റെ ശത്രുവായി കരുതി അവർ യേശുവിനെ വകവരുത്തുവാൻ അവസരം കാത്തിരുന്നു. യഹൂദമതത്തിന്റെ നിർണ്ണായക തീരുമാനങ്ങൾ എടുത്തിരുന്ന 'സന്നിദ്രീം' സംഘത്തിലെ ഭൂരിപക്ഷവും ഇക്കൂട്ടരായിരുന്നു.

പരീശരുടെ മതജീവിതത്തിലെ കാപട്യം അനുഷ്ഠാനാധിഷ്ഠിത ആത്മീകത, നിയമാരാധന മുതലായവ കർത്താവിന്റെ വിമർശനത്തിനു വിധേയമായതൊടൊപ്പം, സാദൂക്യരുടെ പൗരോഹിത്യ മേധാവിത്വം, 'മതം-അധികാരഘടന' എന്ന സങ്കല്പം എന്നിവ തന്റെ ആക്ഷേപത്തിന് പാത്രമായി. കർത്താവിന്റെ ദൈവരാജ്യ സുവിശേഷവും സാമ്പ്രദായിക രീതിയിൽ നിന്ന് സ്വതന്ത്രമായ ന്യായപ്രമാണ-നിയമവ്യാഖ്യാനവും ഇക്കൂട്ടർക്ക് പ്രകോപനമായി. സുവിശേഷത്തിന്റെ സമസ്ത വിമോചന ഉള്ളടക്കം സാദൂക്യ-പരീശ വിഭാഗങ്ങളെ അക്ഷരാർത്ഥത്തിൽ ഭീതിപ്പെടുത്തി. കാരണം, അവരുടെ മതജീവിതവും അധികാര ഘടനയുടെ അസ്ഥിവാരവുമാണ് അതിൽ ആടിയുലഞ്ഞത്.

മർക്കോസിന്റെ സുവിശേഷത്തിൽ പരാമർശിക്കപ്പെടുന്ന ഹേറോദിയർ ഒരു രാഷ്ട്രീയ വിഭാഗമാണ്. അവർ ഹേറോദാവിന്റെ രാജവംശത്തെ പിന്തുണച്ചിരുന്നവരും അതിന്റെ നയപരിപാടികളോടു സഹകരിച്ചുപോന്നവരുമായിരുന്നു. കർത്താവിന്റെ ജനനവും താൻ പ്രഘോഷിച്ച ദൈവരാജ്യവും അതിന്റെ മൂല്യങ്ങളും ഹേറോ

ദാവിന്റെ ഭരണത്തിന് ഭീഷണിയാകുമെന്ന് അവർ ഭയപ്പെട്ടു. (മർക്കോസ് 3:6:, 12:13, മത്തായി 22:16). അതുകൊണ്ട് അവർ മതകാര്യങ്ങളിൽ തല്പരരല്ലായിരുന്നെങ്കിൽ പോലും തങ്ങൾക്ക് ഭീഷണിയായ യേശുവിനെതിരെ ഗൂഢാലോചനയിൽ പങ്കുചേർന്നിരുന്നു എന്ന് സുവിശേഷം സാക്ഷിക്കുന്നുണ്ട്. (മർക്കോ 3:6).

അതായത് മതപരവും രാഷ്ട്രീയവുമായ വിഭാഗങ്ങൾ സത്യത്തിനും സുവിശേഷത്തിനും എതിരായി അക്കാലത്ത് സംഘടിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്നു. മത-രാഷ്ട്രീയ വിഭാഗങ്ങളുടെ ആശയങ്ങൾ കർത്താവിന്റെ സമഗ്ര വിമോചന ആശയവുമായി പൊരുത്തപ്പെട്ടിരുന്നില്ല. അതുകൊണ്ട് അത്തരം ആശയങ്ങളും അവയെ പ്രതിനിധീകരിച്ചിരുന്ന വ്യക്തികളും തന്റെ ശിഷ്യസമൂഹത്തിന് സ്വീകാര്യമാകരുത് എന്ന ഉദ്ദേശ്യത്തിലാണ് കർത്താവിന്റെ ഈ മുന്നറിയിപ്പ്. വ്യക്തിപരമായി ഓരോരുവനും വഹിക്കുന്ന സ്ഥാനവും ആ സ്ഥാനത്തുനിന്നുകൊണ്ട് നൽകുന്ന ഉപദേശങ്ങളും, ആശയങ്ങളും, കല്പനകളും സമൂഹത്തെ സ്വാധീനിക്കുവാനും നയിക്കുവാനും രൂപാന്തരപ്പെടുത്തുവാനും പ്രേരകമാകാം. രാജാവിന്റെ ഏകാധിപത്യപ്രവണതക്കെതിരെ ഫ്രഞ്ചു ചിന്തകരുടെ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയങ്ങളാണ് ഫ്രഞ്ച് വിപ്ലവത്തിന് രൂപവും പ്രേരണയുമേകിയത്. എന്നാൽ യൂറോപ്പിലെ നാസി-ഫാസിസ്റ്റ് മുന്നേറ്റത്തിന് പ്രേരകമായത് മനുഷ്യവിരുദ്ധ ജാതിയിലും അതിന്റെ പ്രത്യയശാസ്ത്രത്തിലും അടിസ്ഥാനപ്പെട്ട ആശയങ്ങൾ ആയിരുന്നു. ജർമ്മനിയെയും ഇറ്റലിയെയും അത് കലാപത്തിലേക്കും അക്രമത്തിലേക്കും പതനത്തിലേക്കും നയിച്ചു. മഹാത്മാഗാന്ധിയുടെ അഹിംസാ സിദ്ധാന്തം ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തെ അക്രമരഹിതമാക്കിത്തീർത്തു. അങ്ങനെ കഴിഞ്ഞ നൂറ്റാണ്ടിൽ ലോകത്തെ ഏറ്റവും അധികം സ്വാധീനിച്ച മനുഷ്യൻ ഗാന്ധിജിയും ആശയം 'ഗാന്ധിസ'വുമായി. മാർട്ടിൻ ലൂഥർ കിങ്ങിനെയും, നെൽസൺ മണ്ടേലയെയുമെല്ലാം ലോകാദരണീയരാക്കിത്തീർത്തത് അവരെ സ്വാധീനിച്ച ഗാന്ധിയൻ ചിന്താഗതിയായിരുന്നു. അതായത് ആശയങ്ങളുടെ നന്മയും തിന്മയും അനുസരിച്ച് അവ സ്വാധീനിക്കുന്ന വ്യക്തിയും സമൂഹവും പരിവർത്തനവിധേയരായിത്തീരും. അതുകൊണ്ട് സുവിശേഷത്തിന്റെ സ്വാധീനത്തിന് വിധേയരായവർ പരീശ - സാദൂക്യ-ഹെറോദിയരുടെ ദുഷിച്ച പുളിപ്പിൽ നിന്ന് സ്വതന്ത്രരായിരിക്കണം. ദുരുപദേശകരുടെ സ്വാധീനത്തിൽ പ്പെട്ടാൽ അതിൽ നിന്ന് ഒഴിവാകുക അത്യന്തം ക്ലേശകരമാണ്. കാരണം അത് മനുഷ്യനെ നയിക്കുന്നത് അടിമത്തത്തിലേക്കാണ്. അടിമാവസ്ഥയിൽ മനുഷ്യന്റെ യുക്തിബോധവും, ചിന്താശേഷിയും ഇച്ഛാശക്തിയുമൊക്കെ പ്രവർത്തന രഹിതമായിരിക്കും, അവന് മനസ്സിലാക്കുവാനോ, വിവേചിക്കുവാനോ, പ്രതിരോധിക്കുവാനോ ഒന്നും സാധിക്കുകയില്ല. മദ്യത്തിനൊ, മയക്കുമരുന്നിനൊ അടിമയായ ഒരാളുടെ കാര്യമോർത്താൽ ഇത് മനസ്സിലാകും. അതുകൊണ്ട് ആശയങ്ങളെ സ്വീകരിക്കുന്നതിനു മുമ്പ് തന്നെ അവയെ വിവേചിച്ച് വിലയിരുത്തണം. observe, watch, beware മുതലായ ഈ വേദഭാഗത്തെ പ്രയോഗങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നത് ഇക്കാര്യമാണ്. അതുകൊണ്ട് മത-രാഷ്ട്രീയ അധികാരകേന്ദ്രങ്ങളോടും അവ പ്രതിനിധീകരിക്കുന്ന ആശയങ്ങളോടും ആവശ്യമായ നിർമ്മമത്വ-വിമർശനാത്മക സമീപനമാണ് പുലർത്തേണ്ടതെന്നാണ് ഈ ക്രിസ്തുവചനം നമുക്ക് സൂചന നൽകുന്നത്.

തിരുവചനം നൽകുന്ന സ്വാതന്ത്ര്യവും അതിന്റെ വിമോചന സ്വഭാവവും അതുവഴി രൂപപ്പെടുന്ന സംഭ്രാതൃത്വവും (ദൈവരാജ്യം) ആയിരിക്കണം വിശ്വാസിയുടെ മേൽ സ്വാധീനം നടത്തുന്ന ഘടകം. ഇതര വിഷയങ്ങളെ വിലയിരുത്തുന്ന മാനദണ്ഡവും അതു തന്നെ ആകണം. അതായത് അധികാരികളെയും അവരുടെ ആശയങ്ങളെയുമെല്ലാം അവരുടെ സ്ഥാനമഹിമയൊ നിർബന്ധമൊ കണക്കിലെടുക്കാതെ സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിച്ച് വിലയിരുത്തിയശേഷം മാത്രമേ സ്വീകരിക്കാവൂ. കർത്താവ് അക്കാലത്തെ മത-രാഷ്ട്രീയ നേതാക്കളെ ഉദ്ധരിച്ചുകൊണ്ടാണ് സാദൂക്യരുടെയും പരീശരുടെയും ഹേറോദിയരുടെയും പുളിച്ചമാവിനെ സൂക്ഷിച്ചുകൊള്ളണമെന്ന് തന്റെ ശിഷ്യസമൂഹത്തിന് മുന്നറിയിപ്പു നൽകുന്നത്. തിരുവചനം നൽകുന്ന ഈ മുന്നറിയിപ്പിന് എല്ലാക്കാലത്തും, എല്ലായിടത്തും പ്രസക്തി ഉണ്ട് എന്നോർക്കുക.


## ഡയോസിഷൻ ബുക്ക് സെന്റർ

**അരമന കോംപ്ലെക്സ്, മൂവാറ്റുപുഴ**

സഭാ സംബന്ധമായ എല്ലാ പ്രസിദ്ധീകരണങ്ങളും,
ആത്മീയ വേദശാസ്ത്ര ഗ്രന്ഥങ്ങളും,
ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും
ഇവിടെ ലഭ്യമാണ്.

**ചിന്ത**

# സാക്ഷ്യം

വചനം-വി. മർക്കോസ് 16:15

**ജോയി മേക്കോട്ടിൽ**

ഉത്ഥിതന്റെ കല്പനയാണിതെന്നതുകൊണ്ടുതന്നെ ഉത്ഥാനത്തിന്റെ ശക്തിയുണ്ടാകണം നമ്മുടെ സാക്ഷ്യങ്ങൾക്കും. പക്ഷേ ക്രൂശിന്റെ സഹനവഴികൾക്കൊടുവിലേ ഉത്ഥാനമുള്ളൂ എന്നൊരു പ്രശ്നമുണ്ട്. ക്രൂശിന്റെ വഴിയിലൂടെയൊക്കെ ജീവിച്ചുപോവുക അത്ര എളുപ്പമൊന്നുമല്ല. പക്ഷേ യേശുവിന്റെ ക്രൂശുമരണത്തെ ആ ജീവിതത്തിൽ നിന്നും വേറിട്ടൊന്നുമല്ല കാണേണ്ടത്. അന്നത്തെ മത, സാമൂഹ്യ, രാഷ്ട്രീയ ശക്തികൾക്കെതിരെ ഒരു ജീവിതം കൊണ്ട് സ്വീകരിച്ച് അചഞ്ചലമായ നിലപാടുകളുടെ അനിവാര്യമായ അവസാനം കൂടിയായിരുന്നുവല്ലോ ക്രിസ്തുവിന്റെ കുരിശ്. ഈ കാലത്തിന്റെ നേർവരയിലൂടെത്തന്നെ ചുറ്റുമെങ്ങും നോക്കാതെ സുരക്ഷിതരായ് നടന്നു നീങ്ങുന്ന നമ്മുടെ സ്വാർത്ഥതയുടെ, സുഖലോലുപതയുടെ, പെരുവഴികളിൽ നമുക്കലോസരം സൃഷ്ടിക്കുന്നവയൊക്കെ ഒഴിവായിക്കിട്ടാനാണിന്നത്തെ തിരക്ക്. കൊച്ച് അസൗകര്യങ്ങളോട് പോലും നാമെത്ര അസഹിഷ്ണുക്കളാകുന്നുവെന്ന് ചിന്തിച്ചാൽ മതി. അതുകൊണ്ടുതന്നെ നമുക്ക് കുരിശുകളൊഴിവാക്കി കിട്ടുന്നതിനാണിന്നത്തെ പ്രാർത്ഥനകൾ! പക്ഷേ ക്രൂശില്ലാതെ ഉത്ഥാനമില്ലെന്ന ആ ജീവിത സാക്ഷ്യമെങ്കിലും നമുക്കും പങ്കുവയ്ക്കാനുണ്ടാകണം. കൂടെ ക്രൂശില്ലാത്ത ഉയർപ്പ് ആത്മീയതയല്ലെന്ന് തിരിച്ചറിവും.!

വർഷങ്ങളായി നിരന്തരം വെടിയൊച്ചയും ചോരയുമൊഴുകുന്ന നാടാണ് പാലസ്തീൻ. 2003 മാർച്ച് 16 ന് വെറും 23 വയസ്സുകാരി "റേച്ചൽ കോറി" സ്വജീവിതം ആത്മബലിയാക്കി പാലസ്തീൻ ജനതയ്ക്കു സമർപ്പിച്ചു. ഒരിക്കൽ അവരുടെ വീടുകൾ അധികാരികൾ ബുൾഡോസറുകളുപയോഗിച്ച് ഇടിച്ചു നിരത്തുകയായിരുന്നു. ഇതിനെതിരെയുള്ള പ്രതിഷേധവുമായി ബുൾഡോസറിന്റെ ചക്രമുരുളുന്ന വഴിയിലേക്ക് കരം വിടർത്തിപ്പിടിച്ച് ധൈര്യപൂർവ്വം ഇറങ്ങി നിന്നു റേച്ചൽ കോറി. നിമിഷങ്ങൾ കൊണ്ട് ബുൾഡോസറിന്റെ ബ്ലേഡിൽ കുരുങ്ങി ചക്രങ്ങൾക്കിടയിലരഞ്ഞവൾ മണ്ണോടു ചേർന്നു. ഇവൾ സ്വജീവിതം ബലിനൽകികൊണ്ട് ചെറുത്തുനിൽപിന്റെ സുവിശേഷം പ്രതിഘോഷിക്കുകതന്നെയായിരുന്നുവല്ലോ. ക്രിസ്തു കാണിച്ചു തന്ന ചില നിലപാടുകളുടെ ശാഠ്യങ്ങളെ പ്രതിയുള്ള ആത്മബലിയുടെ സുവിശേഷ സാക്ഷ്യം!

ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കാനുള്ള വിളി പരിശുദ്ധാത്മശക്തിയാലായിരിക്കണമെന്നാണ് രണ്ടാമത്തെ തലം. ഉത്ഥിതൻ ശിഷ്യർക്കു പ്രത്യക്ഷപ്പെട്ടുകൊണ്ട് യെരുശലേമിൽ നിന്ന് വാങ്ങിപോകാതെ വാഗ്ദത്തത്തിനായി കാത്തിരിക്കാനാവശ്യപ്പെടുന്നത് ഇതുകൊണ്ടുതന്നെ. ഇന്നു നമുക്ക് നഷ്ടപ്പെടുന്നതും ഈ കാത്തിരിപ്പുതന്നെ! ചെന്നായ്ക്കൾക്കിടയിലേക്ക് ആട്ടിൻകുട്ടികളെപ്പോലെ ക്രിസ്തു സാക്ഷ്യവുമായി ഇറങ്ങുന്നവന് എങ്ങനെയാണ് സ്വയം ബലം കണ്ടെത്താനാവുക? ഇവിടെ അഭിഷേകത്തിന്റെ ഉൾവെളിച്ചമുണ്ടെങ്കിലേ സാക്ഷ്യത്തിന്റെ കനൽ വഴികളിലൊക്കെ കത്തിനിൽക്കാനാവൂ. ഇടറിപ്പോകാതെ!.

ലോകത്തിന്റെ അറ്റത്തോളം സാക്ഷ്യം നൽകുക എന്നുള്ളതാണ് ഇതിന്റെ മൂന്നാമത്തെ തലം. വിശാലമായ ഈ ഭൂമിയുടെ പരപ്പുമുഴുവൻ ഈ ചെറു ജീവിതം കൊണ്ട് എങ്ങനെ സാക്ഷ്യമേകുമെന്നോർത്തും ആകുലപ്പെടേണ്ടതില്ല. മാത്രവുമല്ല ഭൂമി ഉരുണ്ടതാണെന്ന് ഇന്ന് എൽ.കെ.ജി കുഞ്ഞിനുപോലും അറിയാം. ഉരുണ്ട ഒന്നിന് എങ്ങനെയാണ് അറ്റമുണ്ടാകുക? ഞാൻ കാൽ ചവുട്ടി നിൽക്കുന്ന എന്റെ കർമ്മമണ്ഡലത്തിന്റെ ഭൂമിക ഏതോ അതാണെന്റെ ഭൂമിയുടെ അറ്റം എന്നിതിനെ വായിച്ചെടുക്കുകയാണാവശ്യം. അവിടെ ഞാൻ ക്രിസ്തുവിന് സാക്ഷ്യമേകുകയാണ് പ്രധാനം. അടുക്കളയുടെ നാലതിരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടുന്ന ഒരു വീട്ടമ്മയ്ക്കുപോലും ആ അതിരുകൾക്കുള്ളിലൊരു സുവിഷേഷമായി മാറാമെന്നാണ് ഇതിനർത്ഥം. വേണമെങ്കിൽ അടുക്കളയെ അൾത്താരയാക്കി മാറ്റാമെന്ന് തന്നെ! നമ്മുടെയൊക്കെ ജീവിത സാഹചര്യങ്ങൾ എന്തുമാകട്ടെ, എവിടെയുമാകട്ടെ ഞാൻ കാൽ ചവുട്ടി നിൽക്കുന്ന എന്റെ കർമ്മമണ്ഡലത്തിന്റെ ഭൂമികകളിലെവിടെയും എനിക്ക് അവന്റെ സാക്ഷ്യമാകാൻ കഴിയും. ആ സ്നേഹവും അതിനെ കരുതിയുള്ള നിലപാടുകളും ഉള്ളിൽ ഉണ്ടാകണമെന്നു മാത്രം! □

ലേഖനം

# ദാനിയേൽ

ഫാ. ഏലിയാസ് കുറ്റിപറിച്ചേൽ

**ആമുഖം**

ദാനിയേൽ എന്ന വാക്കിന് 'ദൈവം എന്റെ ന്യായാധിപൻ' അഥവാ 'ദൈവം വിധിക്കുന്നു' എന്നാണർത്ഥം. യെഹെസ്കേൽ പ്രവചനത്തിൽ രണ്ടിടത്ത് (14:4; 28:3) ഈ പേരു പരാമർശിക്കപ്പെടുന്നുണ്ട്. ഒരിടത്ത് നോഹ, ഇയ്യോബ് എന്നിവരോടൊപ്പം, പൂർവ്വികരുടെ ഗണത്തിലൊരാളായും രണ്ടാമത്തെ പരാമർശനത്തിൽ ജ്ഞാനിയെന്ന വിധത്തിലുമാണ് അവതരിപ്പിച്ചിരിക്കുന്നത്. 'റാഷ്-ഷംറാ' എന്ന സ്ഥലത്തുനിന്ന് പുരാവസ്തു ഖനനത്തിലൂടെ കണ്ടെത്തിയ കളിമൺ ഫലകത്തിലും ഈ പേര് ആലേഖനം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. ദാനിയേലിന്റെ പേരിലുള്ള ഈ പുസ്തകം ദാനിയേൽ എഴുതി എന്ന് തെളിയിക്കാനായിട്ടില്ല. എന്നാലിതിലെ പ്രധാന കഥാപാത്രം ദാനിയേലാണ്. യരുശലേമിൽ നിന്ന് ബാബേൽ പ്രവാസത്തിലേയ്ക്കു പോയവരിൽ ഒരാളെന്ന വിധമാണ് ദാനിയേലിനെ ഈ പുസ്തകത്തിൽ വർണ്ണിച്ചിരിക്കുന്നത്.

യഹൂദ റാബിമാർ ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിന്റെ ഒടുവിൽ എബ്രായ തിരുവെഴുത്തിന്റെ കാനോൻ തയ്യാറാക്കിയപ്പോൾ അതിൽ ചേർത്ത ദാനിയേലിന്റെ പുസ്തകമാണ് 12 അദ്ധ്യായങ്ങളുള്ളതായി സത്യവേദപുസ്തകത്തിൽ കാണുന്നത്. എന്നാൽ ക്രി. മു. 2-ാം നൂറ്റാണ്ടുമുതൽ അലക്സന്ത്രിയായിലും മറ്റും ഉപയോഗത്തിൽ വന്ന യവനഭാഷയിലെ (Greek Version) തിരുവെഴുത്തിൽ ഉൾപ്പെടുത്തിയ ദാനിയേലിന്റെ പുസ്തകം അല്പം കൂടെ ദൈർഘ്യമുള്ളതാണ്. ഈ ഗ്രന്ഥമാണ് പൗരസ്ത്യ സുറിയാനി സഭയുടെ ഔദ്യോഗിക വേദപുസ്തകമായ പെഷീത്തായിൽ കാണുന്നത് (വ്യത്യാസം എന്തൊക്കെയെന്ന് പിന്നാലെ വിശദമാക്കുന്നതാണ്)

പഴയനിയമ കാനോനിലെ വിഭാഗങ്ങളായ പഞ്ചഗ്രന്ഥം (ന്യായപ്രമാണം - Torah) പ്രവാചകന്മാർ (Prophets Nebiim) എഴുത്തുകൾ (The Writings - Kethubiim) എന്നിവയിൽ പാശ്ചാത്യ ക്രൈസ്തവലോകം, വിശേഷിച്ചും പ്രൊട്ടസ്റ്റന്റുകാർ യഹൂദാറാബിമാരുടെ കാനോന്റെ ഭാഗമായ ദാനിയേലിന്റെ പുസ്തകമാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ പുസ്തകത്തെ എഴുത്തുകാർ എന്നഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതും. മാത്രവുമല്ല, പുരാതന പശ്ചിമേഷ്യയിൽ യഹൂദന്മാർ മറ്റു ജാതികളിൽ നിന്ന് പീഡനമേറ്റ കാലത്ത് യഥാർത്ഥ വിശ്വാസികൾക്ക് സന്ദേശങ്ങൾ കൈമാറുന്നതിനും വിശ്വാസസ്ഥിരതയിൽ അവരെ നിലനിർത്തുവാനും ഉപയോഗിച്ച സാഹിത്യശൈലി (വെളിപ്പാടുസാഹിത്യം) ആണ് ഈ പുസ്തകത്തിന്റേത് എന്ന അനേകം വേദപണ്ഡിതർ അഭിപ്രായപ്പെടുന്നു (പുതിയ നിയമത്തിലെ വെളിപ്പാടു പുസ്തകം ക്രിസ്ത്യാനികൾ പീഡയേറ്റകാലത്ത് ഈ സാഹിത്യ ശൈലിയിൽ എഴുതപ്പെട്ട പുസ്തകമാണ്).

പൗരസ്ത്യ പാരമ്പര്യം ദാനിയേലിനെ പ്രവാചക ഗ്രന്ഥങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിൽതന്നെ വലിയ പ്രവാചകന്മാരുടെ ഗണത്തിൽ. മുൻപു സൂചിപ്പിച്ചതുപോലെ ദൈർഘ്യമുള്ള ദാനിയേലിന്റെ പുസ്തകമാണ് ഉപയോഗിച്ചിട്ടുള്ളതും.

ദാനിയേലിന്റെ ചെറിയ പുസ്തകത്തിൽ 12 അദ്ധ്യായങ്ങളാണുള്ളത്. ആറുകഥകളും നാലു ദർശനങ്ങളും ഇതിൽ ഉൾക്കൊണ്ടിരിക്കുന്നു. ഇതിൽ 2:4b- 7:28 ഭാഗങ്ങൾ അരാമ്യഭാഷയിലും ബാക്കിയുള്ള ഭാഗം (1:1-2:4a, 8:1-12:13) എബ്രായ ഭാഷയിലുമാണ് എഴുതപ്പെട്ടത്. അതായത് അരാമ്യഭാഷ യഹൂദന്മാർക്കിടയിൽ വ്യാവഹാരിക ഭാഷയായ കാലത്ത് ഇത് എഴുതപ്പെട്ടതെന്നാണ് വ്യക്തമാകുന്നത്.

യവനഭാഷയിൽ ലഭ്യമായതും ക്രി.മു. 2-ാം നൂറ്റാണ്ടിൽ നിന്നുള്ളതുമായ ദൈർഘ്യമേറിയ പുസ്തകത്തിൽ കാണുന്ന 'കൂട്ടിച്ചേർക്കലുകൾ' മൂന്നെണ്ണമാണ്. അസര്യാവിന്റെ പ്രാർത്ഥനയും മൂന്ന് യഹൂദബാലന്മാരുടെ പാട്ടും' എന്നൊരു ഭാഗം മൂന്നാം അദ്ധ്യായത്തോടു ചേർത്തുവച്ചിരിക്കുന്നു. ഇത് എല്ലാ യവന കൈയ്യെഴുത്ത് പ്രതികളിലും കാണുന്നുണ്ട്. 'സപ്തതി' (LXX) യിൽ 12:13 ന്റെ തുടർച്ചയായി 'ബേലും സർപ്പവും', സൂസന്നയുടെ കഥ എന്നിവ ഗദ്യരൂപത്തിൽ ചേർത്തിരിക്കുന്നു. അതുകൂടാതെ എബ്രായ പുസ്തകത്തിൽ നിന്നും യവന പുസ്തകങ്ങൾ പലയിടങ്ങളിലും വ്യത്യാസം വരുത്തിയിട്ടുണ്ടെന്നതും വ്യക്തമാണ്.

തിയോഡോഷൻ എബ്രായ ദാനിയേലിനെ യവനഭാഷയിലേയ്ക്കു വിവർത്തനം ചെയ്തപ്പോൾ (ക്രി. മു. 2-ാം നൂറ്റാണ്ട്) പലതിരുത്തലുകളും വരുത്തുകയും യവന ഭാഷയിലെ ഭാഗങ്ങൾ ചേർക്കുകയും ചെയ്തു. ഇവ ചേർത്തപ്പോൾ സൂസന്നയുടെ കഥ പുസ്തക

ത്തിന്റെ തുടക്കത്തിൽ തന്നെ ചേർത്തു. 'ബേലും സർപ്പവും' എന്ന കഥ 6-ാം അദ്ധ്യായത്തിന്റെ തുടർച്ചയായും ചേർത്തു. ഇങ്ങനെ ചെയ്യുകവഴി തിയോഡോഷൻ ദാനിയേലിന്റെ അർദ്ധ-ആത്മകഥാരൂപത്തിൽ ഒരു തുടർച്ച നിലനിർത്തുവാൻ ശ്രമിക്കുകയാണ്. യുവാവായ ദാനിയേൽ അന്വേഷകനായി സൂസന്നയുടെ കഥയിൽ തുടങ്ങുന്നു. ആ ജീവിതം തുടർന്ന് മുന്നോട്ടുപോകുമ്പോൾ പാർസിരാജാവായ കോരെശിന്റെ കാലത്ത് ബേലിനെയും അവന്റെ പുരോഹിതന്മാരെയും ജയിക്കുന്നവനായി ചിത്രീകരിക്കുന്നു. ഈയൊരു ക്രമമാണ് ലത്തീൻ, അറബി മുതലായ വിവർത്തനങ്ങളിലും കാണുന്നത്.

'അസര്യാവിന്റെ പ്രാർത്ഥനയും മൂന്നു യഹൂദ ബാലന്മാരുടെ പാട്ടും' എന്നഭാഗം എല്ലാ ഭാഷയിലെ പതിപ്പുകളിലും 3:23 നെ തുടർന്നാണ് കൊടുത്തിരിക്കുന്നത്. 1:4 ൽ പരാമർശിക്കപ്പെടുന്ന മൂന്നു ബാലന്മാർ തീച്ചൂളയിലേയ്ക്ക് എറിയപ്പെടുന്നതും അതിനകത്തുവച്ച് ദൈവത്താൽ സംരക്ഷിതരായ മൂവരും ദൈവത്തെ സ്തുതിക്കുന്നതുമാണ് പ്രതിപാദ്യം. എബ്രായ തിരുവെഴുത്തിലും തിയോഡോഷന്റെ വിവർത്തനത്തിലും ഈ ബാലന്മാരെ ബാബേൽ പേരുകളിലാണ് പരാമർശിക്കുന്നത് (1:7). സപ്തതിയിൽ എബ്രായ പേരുകൾ തന്നെ നിലനിർത്തി അവ യവനരൂപത്തിലേക്ക് ആക്കിയിരിക്കുകയാണ്.

തിയോഡോഷന്റെ ക്രമീകരണം യുക്തിസഹമാണ്. എന്നാൽ ജറോമിന്റെ ലത്തീൻ വിവർത്തനമായ വുൾഗാത്ത (Vulgata) തിയോഡോഷന്റെ ആശയം സ്വീകരിച്ചുവെങ്കിലും അദ്ധ്യായ ക്രമീകരണത്തിൽ മാറ്റം വരുത്തി. സൂസന്നാ, ബേലും സർപ്പവും എന്നീ കഥകൾ 13, 14 അദ്ധ്യായങ്ങളായി വുൾഗാത്തായിൽ ക്രമപ്പെടുത്തി. അങ്ങനെ യവന ക്രമീകരണം വ്യത്യാസപ്പെടുത്തി. വുൾഗാത്തായുടെ ക്രമത്തിലായിരിക്കും നമ്മുടെ പഠനം മുന്നോട്ടുപോകുക.

1:1-3:23 സത്യവേജപുസ്തകത്തിലെ ക്രമം

3:24-97: അസര്യാവിന്റെ പ്രാർത്ഥനയും..... (കൂട്ടിച്ചേർക്കൽ)

3:98-12:13 ഇത് സത്യവേദപുസ്തകത്തിൽ 3:24-12:13

13:1-64 സൂസന്ന

14:1-42 ബേലും.....


എഴുതിയാര് എന്നചോദ്യം പ്രസക്തമാണ്. 'ദാനിയേൽ' ഒരു പൂർവ്വ പിതാവാണ്. അദ്ദേഹം എഴുതിയെന്ന് പറയുക സാധ്യമല്ല.

ഈ ഗ്രന്ഥത്തിലെ പ്രധാന കഥാപാത്രത്തിന്റെ പേര് പുസ്തകത്തിന് നൽകിയതാണെന്ന് ചിന്തിക്കുകയാണുത്തമം. (രൂത്ത്, എസ്ഥേർ എന്നിവ ഉദാഹരണം). 'വെളിപ്പാടു സാഹിത്യ'മെന്ന് ഇതിനെ പരിഗണിക്കുമ്പോഴും ഈ വാദത്തിനാണ് മുൻതൂക്കം. കാരണം പീഡനങ്ങളുടെ പശ്ചാത്തലമാണ് വെളിപ്പാടു സാഹിത്യത്തിന്റേത്. അങ്ങനെയുള്ള ചരിത്രസാഹചര്യത്തിൽ സ്വന്തം പേരുവച്ച് എഴുതുന്നത് വരുത്തിവയ്ക്കാവുന്ന പ്രതിസന്ധി വ്യക്തമാണല്ലോ. അതുകൊണ്ട് പൂർവ്വചരിത്രത്തിൽ പരാമർശിതരായ പ്രമുഖ വ്യക്തി നാമത്തിൽ എഴുതിയെന്ന് പറയുന്നതിൽ തെറ്റില്ല. പറയാനുള്ളത് ഭയലേശമെന്യേ പറയുവാൻ അവസരവും ധൈര്യവും ഈ സാഹചര്യം നൽകും. ഗ്രന്ഥകർത്തൃത്വത്തിലെ ഈ 'Pseudonymity' അങ്ങനെ മനസ്സിലാക്കാം. അപ്പോൾ യഹൂദജനം കഠിന പീഡനങ്ങൾക്കുവിധേയമായ ചരിത്രസാഹചര്യത്തിൽ ഭക്തനായ ഒരു യഹൂദൻ സ്വന്തം പേരു വെളിപ്പെടുത്താതെ ഈ പുസ്തകമെഴുതിയെന്ന അഭിപ്രായമാണ് വേദപണ്ഡിതർക്കുള്ളത്.

വെളിപ്പാടു സാഹിത്യശൈലി ഈ ഗ്രന്ഥത്തിന്റെ ചരിത്രകാലത്തേക്കുറിച്ചു സൂചന നൽകുന്നു. പുരാതന പശ്ചിമേഷ്യയിൽ ഈ സാഹിത്യരൂപം വികസിച്ച് പരിലസിച്ചത് ക്രി. മു. 2-ാം നൂറ്റാണ്ടു മുതൽ ക്രി. വ. 2-ാം നൂറ്റാണ്ടുവരെയുള്ള കാലത്താണ്. അനേകം ഗ്രന്ഥങ്ങൾ ഇക്കാലയളവിൽ ഈ പ്രത്യേക സാഹിത്യശൈലിയിൽ എഴുതപ്പെട്ടിട്ടുണ്ട് (ഉദാ. ഹാനോക്കിന്റെ പുസ്തകം, സിബിലിയൻ പ്രവചനങ്ങൾ മു.).

യഹൂദന്മാർ യവനന്മാരാൽ വളരെയധികം പീഡിപ്പിക്കപ്പെട്ട കാലം ക്രി. മു. രണ്ടാം നൂറ്റാണ്ടാണ്. പ്രത്യേകിച്ചും ക്രി. മു. 175-164 കാലത്ത് യവന ഭരണാധികാരിയായിരുന്ന അന്ത്യോഖസ് എപ്പി

## ഫെലോഷിപ്പ് ലഭിച്ചു



ലണ്ടനിലെ ഇൻസ്റ്റിട്യൂട്ട് ആൻഡ് ഫാക്കൽറ്റി ഓഫ് ആക്ചറീസിൽ നിന്ന് ഫെലോഷിപ്പ് ലഭിച്ച അരുൺ വി. കുര്യൻ ഇപ്പോൾ ലണ്ടൻ ആസ്ഥാനമായ വില്ലീസ് വാട്സൺ ഇൻഷുറൻസ് ബ്രോക്കിംഗ് കമ്പനിയിൽ അനാലിസ്റ്റായി ജോലി ചെയ്യുന്നു. തിരുവനന്തപുരം ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ മുൻ ഡയറക്ടർ കുര്യൻ വി. കുന്നത്തിന്റെയും കേരള തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥയായിരുന്ന ആലീസ് എം. സഖറിയായുടെയും പുത്രനാണ് അരുൺ.

ഫാനസ് നാലാമന്റെ പീഡനവും മക്കാബ്യരുടെ പ്രതിരോധ വിപ്ല വവും എടുത്തുപറയേണ്ടതാണ്.

പുസ്തക രചനയിൽ ഉപയോ ഗപ്പെടുത്തിയ ഭാഷകൾ (എബ്രാ യ-അരാമ്യ-യവന ഭാഷകൾ) ചരിത്ര സൂചകമാണ്. ഇതും ക്രി. മു. 2-ാം നൂറ്റാണ്ടെന്ന ചിന്തയിലേ യ്ക്കാണ് നയിക്കുക. ഈ കാരണ ങ്ങളാൽ എഴുത്തുകാരൻ, കാലഘ ട്ടം, ശ്രോതാക്കൾ എന്നിവരെക്കു റിച്ച് ഇങ്ങനെയൊരു നിഗമനത്തി ലെത്താം. യവനഭരണകർത്താ വായ അന്ത്യോഖ്യക്ക് എപ്പിഫാനി യോസ് നാലാമൻ യഹൂദരെ പീഡി പ്പിച്ചകാലത്ത്, യഹൂദന്മാരെ ഏക ദൈവമായ യഹോവയിലുള്ള വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തു വാൻ ഭക്തനായ ഒരു യഹൂദൻ പൂർവ്വികമായി എല്ലാവരും ആദരി ച്ചുവന്നിരുന്ന ഒരു പിതാമഹന്റെ പേരിൽ വെളിപ്പാടുസാഹിത്യശൈ ലിയിൽ എഴുതിയ ഒരു പുസ്തക മാണ് ദാനിയേലിന്റെ പുസ്തകം.

പീഡനമനുഭവിക്കുന്ന സ്വന്തം സഹോദരങ്ങളെ ധൈര്യപ്പെടുത്തു വാനായി എഴുത്തുകാരൻ ആറ് കഥ കൾ പറയുന്നു. ഇതിന് പശ്ചാത്ത ലമായി ബാബേൽ പ്രവാസത്തെ യാണ് പ്രയോജനപ്പെടുത്തുന്നത്. സ്വന്തം മതജീവിതത്തിൽ തീക്ഷ് ണതയുള്ള യഹൂദന് ദൈവം ശത്രു ക്കൾക്കുമേൽ വിജയം നൽകു മെന്ന് ഈ പുസത്കം പഠിപ്പിക്കു ന്നു. നാലുദർശനങ്ങളിലൂടെ എഴു ത്തുകാരൻ ആനുകാലിക ചരി ത്രത്തെ വ്യാഖ്യാനിച്ച് വിശ്വാസി കൾക്ക് ആത്യന്തികമായി വിജയമു ണ്ടാകുമെന്ന് പ്രവചിക്കുന്നു. ഇ തോടൊപ്പം പ്രധാനകഥാപാത്ര ത്തിന്റെ ബുദ്ധി-വൈജ്ഞാനിക കഴിവുകളെ വ്യക്തമാക്കുന്ന-ഈ കഴിവുകളും യഹോവയാം ദൈവ ത്തിൽ നിന്ന് സിദ്ധിക്കുന്നതാണെ ന്ന് തെളിയിക്കുന്ന ചില സംഭവ ങ്ങൾ കൂടെ ചേർത്തുവച്ചിരിക്കുന്നു.

*(2-ാം പേജിൽ നിന്ന് തുടർച്ച)*

അയോഗ്യതയാകാറില്ല. മാത്രമല്ല ഉത്തരവാദിത്തം എപ്പോഴും മറ്റുള ളവരെ ഏല്പിക്കുന്നതാണല്ലോ സുരക്ഷ. കുറ്റാരോപിതരെ ഒഴിവാ ക്കണമെങ്കിൽ കോടതിയോ, ഇല ക്ഷൻ കമ്മീഷനൊ ചെയ്യട്ടെ. പാർ ട്ടിക്കതിൽ പഴിയേൽക്കാനാവില്ല. മദ്യനിരോധനത്തിന്റെ കാര്യമെടു ക്കൂ. അതിനുമുറവിളികൂട്ടുന്ന ഒരു സഭ പോലും മദ്യപാനിക്കെതിരെ ഒരു നടപടിയുമെടുത്തതായി കേട്ടി ട്ടില്ല. കുടിയന്മാരെ പള്ളി ഭരണ സമിതിയിൽ എടുക്കുകയില്ലെന്നും അവരുടെ സംഭാവനയുൾപ്പെടെ നേർച്ചകാഴ്ചകൾ സ്വീകരിക്കയി ല്ലെന്നും ഒരു സഭയും ഇടവകയും തീരുമാനമെടുക്കാറില്ല. പരസ്യത്തി നുവേണ്ടി വല്ല ഇടയലേഖനത്തി ലും ഇത്തരം തീരുമാനം ചേർ ത്താൽ പോലും പ്രാവർത്തികമാ ക്കാറില്ല. എന്നിട്ട് മദ്യനിരോധന ത്തിനും മദ്യവർജ്ജനത്തിനുമെല്ലാം അലമുറയിട്ടും പ്രകടനം സംഘടി പ്പിച്ചും സർക്കാരിനെതിരെ സമ്മർ ദ്ദം ചെലുത്തും. അതു പോലെ തന്നെ കുറ്റാരോപിതരായ സ്ഥാ നാർത്ഥികളെ കോടതിയൊ, ഇല ക്ഷൻ കമ്മീഷനൊ വിലക്കട്ടെ എന്നതാണ് രാഷ്ട്രീയ പാർട്ടികളു ടെയും അവയുൾപ്പെടുന്ന സർക്കാ രിന്റെയും അടവ്.

ക്രിമിനൽസിന് ഭൂരിപക്ഷമുള്ള ഒരു ജനപ്രതിനിധി സഭയേയൊ, ജനാധിപത്യ സർക്കാരിനെയൊ സങ്കൽപിക്കാൻ ഇന്നു നിങ്ങൾക്കു വിഷമം തോന്നാം. വേണമെങ്കിൽ വ്യസനിച്ചോളൂ, ആരും തടയില്ല ആശ്വസിപ്പിക്കാനും വരില്ല. വിവാ ഹത്തെക്കുറിച്ച് നിങ്ങൾക്കൊരു സങ്കൽപമുണ്ടായിരുന്നില്ലേ? ഭർ ത്താവും ഭാര്യയും കുട്ടിയും ചേർ ന്ന-സ്നേഹബദ്ധമായ ഒരു കൂട്ടാ യ്മ. എന്നിട്ടിപ്പോഴെന്തായി? പുരു ഷനും പുരുഷനും ചേർന്ന കുടും ബം! സ്ത്രീയും സ്ത്രീയും ചേർന്ന ദാമ്പത്യം! കുട്ടികൾ വേണ്ടേ വേണ്ട. പരിപാവനമായ കുടുംബ സങ്കൽപം പോയ പോക്ക്! ഇ ങ്ങനെ എത്രയെത്ര സങ്കൽപങ്ങൾ, സ്വപ്നങ്ങൾ തകിടം മറിയുന്നു. ഒരുപദേശം. അല്ലാ, 'പോയത്തം.' ദീർഘകാല സ്വപ്നമൊന്നും ആരും കണേണ്ട. ക്രിമിനൽസ് ഇല്ലാത്ത നിയമനിർമ്മാണ സഭയെ ക്കുറിച്ചും!

## വെട്ടിത്തറ സെന്റ് മേരീസ് പള്ളി 1943 ലെ ഭരണഘടന അനുസരിച്ച് ഭരിക്കപ്പെടണം

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽപ്പെട്ട വെട്ടിത്തറ സെന്റ് മേരീസ് പള്ളി വികാരിയായി നിയമിക്കപ്പെട്ട ഫാ. ബിനോയ് ജോൺ അച്ചനെ പള്ളിയിൽ ആരാധന നടത്തുന്നതിലും വികാരിയെന്ന നിലയിൽ ഭരണനിർവ്വഹണം നടത്തുന്നതിലും യാക്കോബായ വിഭാ ഗത്തിലെ വൈദികരോ, മറ്റ് വ്യക്തികളോ തടയുന്നത് നിരോധിച്ചു കൊണ്ട് മൂവാറ്റുപുഴ സബ്കോടതി ഉത്തരവായി. ഈ ഇടവക മല ങ്കര ഓർത്തഡോക്സ് സഭയുടെ ഇടവകയാണെന്നും സഭയുടെ ഭരണഘടനയാണ് ഈ പള്ളിക്ക് ബാധകമെന്നും വിധിന്യായത്തിൽ കോടതി വ്യക്തമാക്കുന്നുണ്ട് നീണ്ട കാലമായി വ്യവഹാരങ്ങൾ നടക്കുന്ന ഈ ഇടവകയിൽ ഈ വിധി വലിയൊരു ചുവടുവയ്പാണ് എന്ന് ഇടവക മെത്രാപ്പോലീത്ത ഡോ.തോമസ് മാർ അത്താനാസി യോസ് തിരുമേനി പറഞ്ഞു. ഇതുവഴി ആ ഇടവകയിൽ വ്യവസ്ഥാ പിത ഭരണ സംവിധാനം നിലവിൽ വരുമെന്നും ഇടവകയിൽ ഐക്യവും സമാധാനവും കൈവരുമെന്നും മെത്രാപ്പോലീത്ത പ്രത്യാശ പ്രകടിപ്പിച്ചു. വികാരിക്ക് വേണ്ടി അഡ്വ. തോമസ് അധി കാരം ഹാജരായി.

*അനുസ്മരണം*

# ജോർജ് പോൾ ഓർമ്മയായി

**ഫാ. എബ്രഹാം കാരാമ്മേൽ**

കണ്ടനാട് (ഈസ്റ്റ്) ഭദ്രാസനത്തിന്റെ ഒരു ഉത്തമ സുഹൃത്തും ഡയോസിസൻ ബുള്ളറ്റിനിന്റെ സാങ്കേതിക ഉപദേഷ്ടാവും ആയ ജോർജ് പോൾ 2018 സെപ്റ്റംബർ 1–ാം തീയതി ബാംഗ്ലൂരിൽ വച്ച് നിര്യാതനായി. കഴിഞ്ഞ ഏതാനും വർഷങ്ങളായി അദ്ദേഹം ട്രൈജെമിനൽ ന്യൂറാൾജിയ (Trigeminal Neuralgia) എന്ന രോഗത്തിന് വിധേയനായി കഴിയുകയായിരുന്നു.

ഭവനത്തിലും ബാംഗ്ലൂരിലെ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിലും വച്ച് മരണാനന്തര ശുശ്രൂഷകൾ നടത്തി. ശുശ്രൂഷകൾക്ക് ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത മുഖ്യ കാർമ്മികനായിരുന്നു. തന്റെ വിൽപത്ര പ്രകാരം അദ്ദേഹത്തിന്റെ ഭൗതിക ശരീരം ദഹിപ്പിക്കുകയായിരുന്നു. കാസ്ക്കറ്റിലാക്കിയ ചിതാഭസ്മം എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ സെമിത്തേരിയിൽ ഒക്ടോബർ 20–ാം തീയതി ശനിയാഴ്ച അടക്കം ചെയ്യും. വൈറ്റ് ഫീൽഡ് എക്യുമെനിക്കൽ ക്രിസ്റ്റ്യൻ സെന്ററിന്റെ സ്ഥാപകനായ എം.എ. തോമസച്ചന്റെ പുത്രി ബാവ സൂസൻ ആണ് പരേതന്റെ സഹധർമ്മിണി.

ഡയോസിസൻ ബുള്ളറ്റിനിന്റെ lay-out ഉം ഡിസൈനും അദ്ദേഹത്തിന്റേതാണ്. കൂടാതെ മാസികയ്ക്ക് സാങ്കേതിക ഉപദേശങ്ങളും അദ്ദേഹം നൽകി വന്നു. ഹാഗിയ സോഫിയ പബ്ലിക് സ്കൂളിന്റെ എംബ്ലം, കുട്ടികളുടെ യൂണിഫോം എന്നിവയ്ക്ക് രൂപകല്പന നൽകിയതും അദ്ദേഹമായിരുന്നു. പ്രസ്തുത സ്കൂളിനെ പ്രതിനിധീകരിച്ച് അതിന്റെ മുൻ സെക്രട്ടറി എൻജി. റെജി എം. ജേക്കബ് ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ആദരവുകൾ അർപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരത്തിൽ നിന്ന് വളരെ വിലപ്പെട്ട ധാരാളം പുസ്തകങ്ങൾ അദ്ദേഹം 'സമന്വയ'യിലെ ലൈബ്രറിക്ക് സൗജന്യമായി നൽകിയിട്ടുണ്ട്.

പത്രപ്രവർത്തനം, മുദ്രണം, പ്രസിദ്ധീകരണം എന്നീരംഗങ്ങളിൽ പ്രശസ്തി നേടിയ കല്ലത്ത് കുടുംബാംഗമായിരുന്നു ജോർജ് പോൾ. നാഗ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് പബ്ലിക് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റർ ബിരുദം നേടി. തുടർന്ന് ബോംബെയിൽ ഫിനാൻഷ്യൽ എക്സ്പ്രസ്സ് പത്രത്തിൽ ഔദ്യോഗിക ജീവിതം ആരംഭിച്ചു. പിന്നീട് Pfizer Limited എന്ന സ്ഥാപനത്തിൽ ചേർന്നു. ആ സ്ഥാപനത്തിനുവേണ്ടി ഡിസൈൻ & പ്രിന്റിംഗിൽ സ്റ്റേറ്റ്-ദേശീയ പുരസ്കാരങ്ങൾ നേടിക്കൊടുത്തു.

അവിടത്തെ ജോലി രാജിവച്ച് 1981–ൽ Parade Advertising & Marketing എന്ന പേരിൽ സ്വന്തമായി ഒരു സ്ഥാപനത്തിന് തുടക്കം കുറിച്ചു. പ്രശസ്തമായിത്തീർന്ന ആ സ്ഥാപനം പിന്നീട് പല ദേശീയ അവാർഡുകൾ കരസ്ഥമാക്കുകയുണ്ടായി. പരസ്യവ്യവസായ രംഗത്ത് അടിസ്ഥാന മൂല്യങ്ങൾ നിലനിർത്തി ആ മേഖലയെ സംശുദ്ധമാക്കുന്നതിന് ലക്ഷ്യബോധത്തോടെ അദ്ദേഹം പ്രവർത്തിച്ചു. Advertising Agencies Association of India യുടെ എക്സിക്യൂട്ടീവ് അംഗമായിരുന്നു അദ്ദേഹം.

സ്വന്തം സ്ഥാപനത്തിൽ നിന്ന് വിരമിച്ചശേഷം കർണ്ണാടക സർക്കാരിന്റെ Urban Infra-stucture Development & Financial Corporation ന്റെ ഉപദേഷ്ടാവായി അദ്ദേഹം ചുമതലയേറ്റു.

എക്യുമെനിക്കൽ ക്രിസ്റ്റ്യൻ സെന്ററി (ECC) ന്റെ ട്രഷറർ ആയി അദ്ദേഹം സേവനമനുഷ്ഠിച്ചു. എം. എ. തോമസച്ചന്റെ മരണശേഷം ആ സ്ഥാപനത്തിൽ വളർന്ന അഴിമതിക്കെതിരെ സന്ധിയില്ലാത്ത പോരാട്ടമാണ് ജോർജ്പോൾ നടത്തിയത്.

ബാംഗ്ലൂർ സെന്റ് മേരീസ് പള്ളിയുടെ (ക്വീൻസ് റോഡ്) സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്നു അദ്ദേഹം. 1995-ലെ സഭാകേസ് വിധിക്കുശേഷം സഭൈക്യശ്രമങ്ങൾക്ക് പിന്തുണ നൽകിയതിനാൽ അദ്ദേഹവും അദ്ദേഹത്തോട് സഹകരിച്ചവരും ആ പള്ളിയോട് വിടപറയേണ്ടിവന്നു. 'Desperate successes' എന്ന ഗ്രന്ഥത്തിൽ ഇക്കാര്യം അദ്ദേഹം വിശദമാക്കുന്നുണ്ട്.

മികച്ച ഒരു എഴുത്തുകാരനായിരുന്നു ജോർജ് പോൾ. A key to Kerala, Roses have Thorns, History of Kallath Family തുടങ്ങിയവ അദ്ദേഹത്തിന്റെ സർഗ്ഗശക്തിയുടെയും പ്രതിഭയുടെയും പരന്ന വായനയുടെയുമെല്ലാം ഉല്പന്നങ്ങളാണ്. Roatary News, Rotary Samachar, Rotary International, Folio, The Rectangle എന്നീ പ്രസിദ്ധീകരണങ്ങളുടെ പ്രസാധകനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ പക്വവും സുചിന്തിതവുമായ ഉപദേശങ്ങളെ അനുസ്മരിക്കുകയും അദ്ദേഹത്തിന് ആദരവുകൾ അർപ്പിക്കുകയും ചെയ്യുന്നു. ഒപ്പംതന്നെ അദ്ദേഹത്തിന്റെ വേർപാടിൽ ദുഃഖിക്കുകയും ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

RNI No. KERMAL/2012/46014 Date of Publication 15-10-2018 Licence No. KL/CR/ALU/WPP-04/2016-18
Registered. Reg. No. KL/ALY/0067/2016-2018 Price Rs. 10/- Licensed to Post Without Pre-payment

KANDANAD DIOCESAN BULLETIN

## കോതമംഗലം ചെറിയ പള്ളി മലങ്കര സഭയുടെ ഇടവക

കോതമംഗലം: കോതമംഗലം ചെറിയ പള്ളി സംബന്ധിച്ച് ഉണ്ടായ മുവാറ്റുപുഴ മുൻസിഫ് കോടതിയുടെ വിധിയെതുടർന്ന് ഈ പള്ളി സംബന്ധിച്ച മുൻകാല വ്യവഹാരങ്ങൾ ചർച്ച ആയിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് അവിടുത്തെ നിയമപരമായ സാഹചര്യത്തെ സംബന്ധിച്ചുള്ള ഒരു കുറിപ്പ് പ്രസിദ്ധീകരിക്കുന്നത്.

1. 1977 ൽ OS. 12/1977 നമ്പർ ആയി പിന്നീട് കേരളാ ഹൈക്കോടതിയിൽ OS. 1/1979 ആയി റീ നമ്പർ ചെയ്തു കോതമംഗലം ചെറിയ പള്ളി ഇടവകക്കാർ കോതമംഗലം ചെറിയ പള്ളി ഓർത്തഡോക്സ് സഭയുടെ 1934-ലെ ഭരണഘടന പ്രകാരം ഭരിക്കപ്പെടുന്ന ഇടവകയാണ് എന്ന് പ്രഖ്യാപിക്കണമെന്നും സഭയുടെ 1934 - ലെ ഭരണഘടനയ്ക്ക് വിരുദ്ധമായി പള്ളിയിൽ കൂടിയ പൊതുയോഗവും കമ്മറ്റി യോഗങ്ങളും അസാധുവായി പ്രഖ്യാപിക്കണമെന്നുമായിരുന്നു ഈ കേസിലെ ആവശ്യങ്ങൾ. ഈ ആവശ്യങ്ങൾ നിരാകരിച്ച് ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവായി. ഇതിന്മേൽ വാദികൾ AS 359/1980 നമ്പർ ആയി ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൽ അപ്പീൽ സമർപ്പിച്ചു. ബഹു.കേരളാ ഹൈക്കോടതി വാദികളുടെ ആവശ്യം അംഗീകരിച്ച് ഉത്തരവായി. ഈ ഉത്തരവിനെതിരായി യാക്കോബായ വിഭാഗം സുപ്രീം കോടതിയെ സമീപിച്ചു. ഇതിന്മേൽ വാദം കേട്ട സുപ്രീം കോടതി 02.05.1997 - ൽ ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി ഉത്തരവ് പുറപ്പെടുവിച്ചു.

2. ബഹു. സുപ്രീം കോടതി ഉത്തരവ് നടപ്പാക്കുന്നതിനായി ഓർത്തഡോക്സ് സഭാംഗങ്ങൾ വിധി നടത്തിപ്പ് ഹർജിയുമായി കോടതിയെ സമീപിച്ചു. എന്നാൽ 2002-ലെ മലങ്കര ഓർത്തഡോക്സ് സഭയിൽ ആകമാനം സുപ്രീം കോടതി ഇടപെട്ടു ജസ്റ്റിസ് മളീമഠ് നിരീക്ഷകനായി നിയമിച്ചു നടത്തിയ മലങ്കര അസോസിയേഷൻ യോഗത്തോടെ കോതമംഗലം ചെറിയ പളലിയുടെ ഡിക്രിയും നടപ്പായി എന്ന് യാക്കോബായ വിഭാഗം വാദിച്ചു. ഈ വാദം സുപ്രീം കോടതി അംഗീകരിച്ചു ഓർത്തഡോക്സ് വിഭാഗം നൽകിയ വിധി നടത്തിപ്പ് ഹർജി സുപ്രീം കോടതി തള്ളിക്കളഞ്ഞു. ഇപ്പോൾ മൂവാറ്റുപുഴ മുൻസിഫ് കോടതിയിലും തുടർന്ന് സബ് കോടതിയിലും കോതമംഗലം ചെറിയ പള്ളിക്ക് വേണ്ടി യാക്കോബായ വിഭാഗം വാദിച്ചതും 2002-ലെ പരുമല അസോസിയേഷൻ യോഗത്തിലൂടെ ചെറിയ പള്ളിയുടെ വിധി നടത്തിപ്പ് പൂർണ്ണമായി എന്നാണ്. അതുകൊണ്ട് തന്നെ ഈ പള്ളി മലങ്കര സഭയുടെ പള്ളിയാണെന്നും അതു ഭരിക്കപ്പെടേണ്ടതു 1934-ലെ സഭാ ഭരണഘടനപ്രകാരമാണെന്നും ആ ഭരണഘടനയനുസരിച്ച് നിയമിക്കപ്പെട്ട ഫാ. തോമസ് പോൾ റമ്പാനാണ് പള്ളി വികാരിയെന്നും മൂവാറ്റുപുഴ മുൻസിഫ് കോടതി കണ്ടെത്തി വിധി പ്രസ്താവിച്ചു എന്നതിൽ അത്ഭുതപ്പെടേണ്ടതില്ല.

3. യാക്കോബായ വിഭാഗം പൊതുവെ അനുവർത്തിക്കുന്നത് കോടതിയിൽ ഒന്ന് വാദിക്കുകയും പുറത്ത് പള്ളിയിൽ മറ്റൊന്ന് നടപ്പാക്കുകയുമാണ് പതിവ്. എന്നാൽ മുവാറ്റുപുഴ മുൻസിഫ് കോടതി വിധി, 1980 ലെ കേരളാ ഹൈക്കോടതി വിധിയുടെയും സുപ്രീം കോടതി വിധിയുടെയും തുടർച്ച മാത്രമാണ്. അന്നത്തെ വിധിന്യായം പലതരം കളളത്തരങ്ങൾകൊണ്ട് മറച്ചുവച്ചിരുന്നത് ഇന്ന് നടപ്പാകാൻ പോകുന്നു എന്ന് മാത്രം. ജനാധിപത്യത്തിലും ഇൻഡ്യൻ നീതിവ്യവസ്ഥയിലും വിശ്വസിക്കുന്ന വിശ്വാസി സമൂഹം കോടതി വിധികൾ അംഗീകരിച്ച് മുന്നോട്ടുപോകുകയാണ് വേണ്ടത്.

വികാരി
മാർത്തോമ്മാ ഓർത്തഡോക്സ് ചെറിയപള്ളി
കോതമംഗലം.

## കോതമംഗലം ചെറിയ പള്ളി വികാരി ഫാ. തോമസ് പോൾ റമ്പാനെ തടയരുത്

അങ്കമാലി ഭദ്രാസനത്തിലെ പുരാതന ദേവാലയവും പരിശുദ്ധ യൽദോ മാർ ബസേലിയോസ് ബാവായുടെ കബറിടം സ്ഥിതിചെയ്യുന്നതുമായ കോതമംഗലം മാർത്തോമ്മൻ ചെറിയ പള്ളി വികാരിയായി നിയമിതനായിരിക്കുന്ന തോമസ് പോൾ റമ്പാനെ വികാരിയുടെ ചുമതല നിർവ്വഹിക്കുന്നതിൽ നിന്ന് തടയരുത് എന്ന് മൂവാറ്റുപുഴ സബ്കോടതി വിധിച്ചു. ഈ പള്ളിയിലെ യാക്കോബായ വൈദികർക്കും മറ്റുള്ളവർക്കും നിരോധനം ഏർപ്പെടുത്തിക്കൊണ്ട് മൂവാറ്റുപുഴ മുൻസിഫ് കോടതി ഉത്തരവ് ചോദ്യം ചെയ്ത് യാക്കോബായ വിഭാഗം കൊടുത്ത അപ്പീൽ ഹർജിയാണ് കീഴ്കോടതി വിധി അപ്പാടെ ശരിവച്ചത്. കോതമംഗലം ചെറിയ പള്ളിയുടെ വിധി തീർപ്പ് വടക്കൻ ഭാഗങ്ങളിലെ ഇടവകകളുടെയും സഭയുടെയും പ്രവർത്തനങ്ങളിൽ കൂടുതൽ കരുത്താകും എന്ന് പ്രത്യാശിക്കാം. വികാരിക്കുവേണ്ടി അഡ്വ. തോമസ് അധികാരം ഹാജരായി.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha